# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മറയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.5-1126/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 06/12/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മറയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മറയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മറയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.5-1126/2023 തീയ്യതി: 06/12/2023

## ഇടുക്കി ജില്ലയിലെ മറയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ മറയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-02-2023 മുതൽ 08-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-10-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 09-10-2023 | 13-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-10-2023 | 13-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. റ്റി.എസ്.ധനജയൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. എം.എസ്.രാജീവ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി.അശ്വതി വി.നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. കൃഷ്ണദാസ് എൻ.വി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഡെന്നിസ് ജോസഫ്, ഓഡിറ്റർ

ശ്രീമതി.ഷൈനി എം.ആർ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഉഷ ഹെൻറി ജോസഫ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ജി.ചന്ദ്രഹാസൻ | സെക്രട്ടറി | 01-04-2022 | 19-04-2022 |
| ശ്രീ. തോമസ് പി. വി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-04-2022 | 09-10-2022 |
| ശ്രീ. വിനോദ്കുമാർ ഇ. ജി. | സെക്രട്ടറി | 10-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ദേവി ഇ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 26-07-2022 |
| ശ്രീ.ബെനഡിക്റ്റ് വി.ജെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 27-07-2022 | 31-03-2023 |
| ശ്രീ.തോമസ് പി.വി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 20-10-2022 |
| ശ്രീ.സജ്ജലാൽ സി.കെ. | അസിസ്റ്റന്റ് സെക്രട്ടറി | 21-10-2022 | 20-11-2022 |
| ശ്രീ.വിനോദ്കുമാർ കെ. | അസിസ്റ്റന്റ് സെക്രട്ടറി | 21-11-2022 | 31-03-2023 |
| ഡോ.ജിത്തു മാത്യൂ ജേക്കബ് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | 01-04-2022 | 31-03-2023 |
| ഡോ.അശ്വതി ജെ. | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 30-05-2022 |
| ഡോ.ജയകൃഷ്ണൻ പി.ജി. | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 31-05-2022 | 31-03-2023 |
| ശ്രീമതി പ്രിയ പീറ്റർ | കൃഷി ഓഫീസർ | 01-04-2022 | 26-08-2022 |
| ശ്രീമതി അനിൽഡ ബിജ്ജ | കൃഷി ഓഫീസർ | 27-08-2022 | 03-10-2022 |
| ശ്രീ.സതീഷ് കെ.ആർ. | കൃഷി ഓഫീസർ (ഇൻ-ചാർജ്) | 04-10-2022 | 28-10-2022 |

| | | | |
|---|---|---|---|
| ശ്രീമതി മേഘ കെ.എ. | കൃഷി ഓഫീസർ | 29-10-2022 | 31-03-2023 |
| ശ്രീ.ജോബിൻ കുര്യൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| ശ്രീമതി ദീപ സോമൻ | ഐ.സി.ഡി.എസ്,സൂപ്പർവൈസർ | 01-04-2022 | 30-06-2022 |
| ശ്രീമതി മരിയ മാത്യു | ഐ.സി.ഡി.എസ്,സൂപ്പർവൈസർ | 01-07-2022 | 31-03-2023 |
| ശ്രീ.അബിൻരാജ് കെ.പി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 27-12-2022 |
| ശ്രീ.സുദർശൻ കെ. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(ഇൻ-ചാർജ്) | 28-12-2022 | 05-02-2023 |
| ശ്രീമതി രമ്യ എ.സുകുമാരൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 06-02-2023 | 31-03-2023 |
| ശ്രീമതി റിനു തോമസ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി റാണി പി. | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ഡോ.ക്ലാപ്പ് ആന്റോ | വെറ്ററിനറി സർജൻ | 01-04-2022 | 30-08-2022 |
| ഡോ.അനില ബാബു | വെറ്ററിനറി സർജൻ | 01-09-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികൾ/ബാദ്ധ്യത തുകകൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം | 1-1-2 |
| 4 | ആസ്തി ബാധ്യത കണക്കുകൾ കൃത്യമല്ല | 1-1-3 |
| 5 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല | 1-1-4 |
| 6 | രസീത് തെറ്റായ ശീർഷകത്തിൽ നൽകി - വാടക കുടിശ്ശിക ഇനത്തിലെ വരവ് തൻവർഷ വാടകയായി രേഖപ്പെടുത്തി | 1-1-5 |
| 7 | ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ആയ തുക രസീത് നൽകി കണക്കിലെടുത്തില്ല | 1-1-6 |
| 8 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-7 |
| 9 | വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-8 |
| 10 | രജിസ്റ്ററുകൾ യഥാവിധി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല | 1-1-9 |
| 11 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല | 1-1-10 |
| 12 | വരവ് രജിസ്റ്ററുകൾ ലെഡ്ജർ ബാലൻസുകളുമായി പ്രതിമാസം പൊരുത്തപ്പെടുത്തുന്നില്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | ഫണ്ട് വിനിയോഗം | 1-3 |
| 15 | മെയിന്റനൻസ് ഫണ്ട് (റോഡ്, റോഡിതരം) ഇനങ്ങളിൽ ചെലവ് കുറവ് - ₹23,44,681/- ലാപ്സായി | 1-3-1 |
| 16 | റവന്യൂ പിരിവിലെ വീഴ്ച - വികസന ഫണ്ടിൽ നിന്ന് നഷ്ടമായത് ₹3,74,720/- | 1-3-2 |
| 17 | പദ്ധതി അവലോകനം | 1-4 |
| 18 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല | 1-4-1 |
| 19 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 20 | സാമൂഹ്യ സുരക്ഷ പദ്ധതികൾ | 1-6 |
| 21 | ക്യാഷ് പരിശോധന | 1-7 |
| 22 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 23 | തനത് ഫണ്ട് സമാഹരണം - അവലോകനം | 1-9 |

| | | |
|---|---|---|
| 24 | 100 ചതുരശ്ര മീറ്ററിൽ കൂടുതൽ തറ വിസ്തീർണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണയിച്ചു | 1-10 |
| 25 | ഉപയോഗ ക്രമത്തിനനനുസൃതമായി വസ്തു നികുതി ചുമത്തുന്നില്ല | 1-11 |
| 26 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12 |
| 27 | ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ ഒഴിഞ്ഞ് കിടക്കുന്നു | 1-13 |
| 28 | റിസോർട്ടുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-14 |
| 29 | സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-15 |
| 30 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല | 1-16 |
| 31 | സെക്രട്ടറിയുടെ തനത് ഫണ്ട് ചെലവുകൾ - അപാകതകൾ - ചെലവ് തടസ്സം - ₹41,612/- | 1-17 |
| 32 | വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികൾ | 1-18 |
| 33 | ഫിഷറീസ് സബ് ഇൻസ്പെക്ടർ നടപ്പാക്കിയ പദ്ധതിയിലെ അപാകത | 1-19 |
| 34 | ഗോത്ര സാരഥി പദ്ധതി - ഡ്രൈവർ നിയമനത്തിലെ അപാകത | 1-20 |
| 35 | വാഹനം വാടകയ്ക്ക് എടുക്കൽ - ആദായ നികുതി സ്രോതസിൽ നിന്നും കിഴിവ് ചെയ്തില്ല | 1-21 |
| 36 | പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിയ വയോജന കൂട്ടായ്മ | 1-22 |
| 37 | മറയൂർ സി.എച്ച്.സി. ലാബ് അടിസ്ഥാന സൗകര്യം ഒരുക്കൽ - റീ-ഏജന്റ് കിറ്റ് ഷെൽഫ് - അധികാരപരിധി വിട്ടുള്ള ചെലവ് | 1-23 |
| 38 | നാച്ചിവയൽ കുടിവെള്ള പദ്ധതി - ജലനിധി മുഖേന ഗുണനിലവാരമില്ലാത്ത കുടിവെള്ളം വിതരണം നടത്തി | 1-24 |
| 39 | PMAY ഭവന പദ്ധതികൾക്ക് വിഹിതം നൽകൽ - തുക വിനിയോഗ വിവരം അറിയിക്കേണ്ടതാണ് | 1-25 |
| 40 | വീട് വാസയോഗ്യമാക്കൽ പദ്ധതികളിലൂടെ അനർഹർക്ക് ആനുകൂല്യം നൽകി - നഷ്ടം ₹1,50,000/- | 1-26 |
| 41 | ലൈഫ് ഭവന പദ്ധതി - സർക്കാർ നിശ്ചയിച്ച പരിധിയിലധികമായി തുക നൽകി - 1 ലക്ഷം രൂപ തിരികെ ഈടാക്കേണ്ടതാണ് | 1-27 |
| 42 | ലൈഫ് മിഷൻ ഭവന നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കളുടെ മേൽ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-28 |
| 43 | മെറ്റീരിയൽ പ്രവൃത്തികളുടെ കരാറുകാരുടെ ബില്ലുകളിന്മേൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി., ടി.ഡി.എസ്. - കുറവ് ചെയ്തിട്ടില്ല | 1-29 |
| 44 | എസ്.എസ്.എ. പഞ്ചായത്ത് വിഹിതം - വിനിയോഗ വിവരങ്ങൾ | 1-30 |

| | | |
|---|---|---|
| | ലഭ്യമാക്കേണ്ടതാണ് | |
| 45 | ഡെപ്പോസിറ്റ് പ്രവൃത്തി - പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ് | 1-31 |
| 46 | ഐ.കെ.എം. വിഹിതം നൽകൽ - അപാകത | 1-32 |
| 47 | മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-33 |
| 48 | തുമ്പൂർമൂഴി മോഡൽ മാലിന്യ സംസ്കരണ യൂണിറ്റിന്റെ കവാടം നിർമ്മാണം - പ്രോജക്ടിന് രൂപം നല്കാതെ സെക്രട്ടറി നേരിട്ട് പ്രവൃത്തി നിർവഹിച്ചിരിക്കുന്നു | 1-34 |
| 49 | ഹരിത കർമ്മ സേനയെ സംരംഭക ഗ്രൂപ്പായി ഉയർത്തുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല | 1-35 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ലൈഫ് ഭവന പദ്ധതി - സർക്കാർ നിശ്ചയിച്ച പരിധിയിലധികമായി തുക നൽകി -1 ലക്ഷം രൂപ തിരികെ ഈടാക്കേണ്ടതാണ് | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്/സർചാർജ് സർട്ടിഫിക്കറ്റിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 03-07-2023 ലെ 1-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 04-07-2023ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മറയൂർ ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്തീരാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും, C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും, വെളിപ്പെടുത്തലുകളും, പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും, അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും, നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി മറയൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക സാമ്പത്തിക പ്രസ്താവനകൾ, സാമ്പത്തിക ഫലത്തെക്കുറിച്ചും, സാമ്പത്തിക നിലയെക്കുറിച്ചും, സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ ഡെപ്യൂട്ടി ഡയറക്ടർ

06.12.2023 ഇടുക്കി

1-1-1 അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62(2)(ഇ), (എഫ്) എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-2 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികൾ/ബാദ്ധ്യത തുകകൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം

2021-22 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികൾ/ബാദ്ധ്യത തുകകൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസമുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുക | 2022-23ലെ മുന്നിരിപ്പ് (ട്രയൽ ബാലൻസിലെ തുക) |
|---|---|---|
| പഞ്ചായത്ത് ജനറൽ ഫണ്ട് | ₹1919714 | ₹27566881(Dr) |
| Land-Others | ₹420954 | രേഖപ്പെടുത്തൽ ഇല്ല |
| Buildings-Others | ₹29065641 | രേഖപ്പെടുത്തൽ ഇല്ല |

1-1-3 ആസ്തി ബാധ്യത കണക്കുകൾ കൃത്യമല്ല

സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരുന്നതിനാലും തുടർന്ന് കാലികമാക്കാതിരുന്നതിനാലും ബാലൻസ് ഷീറ്റിലെ ആസ്തി ബാധ്യത കണക്കുകൾ കൃത്യമല്ല.

1-1-4 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹3,52,29,076/- ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹5,11,20,022/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ്സ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-5 രസീത് തെറ്റായ ശീർഷകത്തിൽ നൽകി - വാടക കുടിശ്ശിക ഇനത്തിലെ വരവ് തൻവർഷ വാടകയായി രേഖപ്പെടുത്തി

2021-22 ബാലൻസ് ഷീറ്റ് പ്രകാരം ലഭ്യമാകാൻ അവശേഷിച്ച വാടക ₹1,61,807/- [90877 (Current)+70930 (Arrear] ആയിരുന്നു. എന്നാൽ 2022-23 വർഷത്തിൽ വാടക കുടിശ്ശിക ഇനത്തിൽ ഡിമാന്റ് ആയി കണക്കാക്കിയിരിക്കുന്നത് 2021-22ൽ കുടിശ്ശിക ഇനത്തിൽ ഉൾപ്പെടുത്തിയ തുകയായ ₹70,930/- മാത്രമാണ്.

2022-23 വർഷത്തിൽ കുടിശ്ശിക വരവായ ₹90,877/- തൻവർഷ വാടക ഇനത്തിലാണ് കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് മൂലം തൻവർഷ വാടക ഇനത്തിൽ ഡിമാന്റിനേക്കാൾ കൂടുതൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാടക | ഡിമാന്റ് (₹) | കളക്ഷൻ (₹) | ബാലൻസ് (₹) |
|---|---|---|---|
| തൻവർഷം | 707140 | 798017 (707140+90877) | 0 |
| കുടിശ്ശിക | 70930 | 15534 | 55396 |

1-1-6 ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ആയ തുക രസീത് നൽകി കണക്കിലെടുത്തില്ല

പഞ്ചായത്തിൽ ഇ-പേയ്മെന്റിനായുള്ള അക്കൌണ്ടിൽ (നം. 37474340444 (SBI) Cheque Deposited But Not Cleared ഇനത്തിൽ 31.03.2023ൽ ₹50,270/- അവശേഷിക്കുന്നുണ്ട്. ഇതിൽ Directly Credited ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ₹39,070/- (വൗച്ചർ നം. 1220001158/31-03-2023), ₹5,968/- (വൗച്ചർ നം. 1220001159/തീ. 31-03-2023) എന്നീ തുകകൾ നിലവിലും ക്രമീകരിക്കാതെ അവശേഷിക്കുന്നു.

1-1-7 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട വിവിധ പ്രോജക്ടുകൾക്ക് വേണ്ടി ചെലവഴിച്ചതും നിർവഹണ ഏജൻസികൾക്ക് കൈമാറിയതുമായ മുൻകൂറുകൾ യഥാർത്ഥ ചെലവായാണ് കണക്കുകളിൽ

രേഖപ്പെടുത്തിയത്. തന്മൂലം ക്രമീകരിക്കാൻ ശേഷിക്കുന്ന മുൻകൂറുകളുടെ ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകൾ (ധനകാര്യ പത്രികയുടെ ബി-18 പട്ടിക) കൃത്യമല്ല.

തൻവർഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കെ.എസ്.ഇ.ബി. സ്ട്രീറ്റ് ലൈറ്റ് ദീർഘിപ്പിക്കൽ പദ്ധതിയ്ക്കായി ₹2,25,144/-യും ജലജീവൻ മിഷൻ പദ്ധതിയ്ക്കായുള്ള വിഹിതമായി ₹2,34,000/-യും അതത് നിർവ്വഹണ ഏജൻസികൾക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ Advance To Implimenting Agencies എന്ന ശീർഷകത്തിൽ ഈ തുക ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-8 വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

അക്രൂ ചെയ്യുന്ന വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

### 1-1-9 രജിസ്റ്ററുകൾ യഥാവിധി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, നികുതി നികുതിയേതര വരുമാനങ്ങളുടെ രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

### 1-1-10 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് (ഐ-18, ഐ-19) പ്രകാരം ജേർണ്ണൽ വൗച്ചർ പ്രകാരം എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരികരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിലെ രേഖപ്പെടുത്തൽ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് കഴിഞ്ഞിട്ടില്ല.

### 1-1-11 വരവ് രജിസ്റ്ററുകൾ ലെഡ്ജർ ബാലൻസുകളുമായി പ്രതിമാസം പൊരുത്തപ്പെടുത്തുന്നില്ല

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റിന്റെ അംഗീകാരം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | ഭരണ സമിതി തീരുമാനം |
|---|---|---|
| പ്രാഥമിക ബജറ്റ് | 3/09.03.2022 | 1(1)/30-03-2022 |
| പുതുക്കിയ ബജറ്റ് | 1/15.02.2023 | 3(1)/28.02.2023 |

ബജറ്റിൽ പ്രതീക്ഷിച്ചിരുന്ന തുകകൾ

| ഇനം | പ്രാഥമിക ബജറ്റ് ₹ | പുതുക്കിയ ബജറ്റ് ₹ |
|---|---|---|
| മുന്നിരിപ്പ് | 93015405 | 90685405 |
| വരവ് | 317026326 | 268400465 |
| ആകെ | 410041731 | 359085870 |
| ചെലവ് | 404686170 | 356982976 |
| നീക്കിയിരിപ്പ് | 5355561 | 2102894 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് അനുശാസിക്കും പ്രകാരമുള്ള സമയക്ലിപ്തതയും നടപടി ക്രമങ്ങളും ബജറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിൽ പൂർണമായി പാലിച്ചിട്ടില്ല. കൃത്യമായ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും ഫലപ്രദവും കാര്യക്ഷമവുമായ ധനവിനിയോഗം സാധ്യമാക്കുന്നതിനും പര്യാപ്തമായ രീതിയിൽ ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണ സമിതിയും ശ്രദ്ധിക്കേണ്ടതാണ്.

1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹ | അലോട്ട്മെന്റ്/ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസന ഫണ്ട് – പൊതു വിഭാഗം | – | 37472000 | 37472000 | 31187308 | – |
| വികസന ഫണ്ട് – എസ്.സി.പി. | – | 10508000 | 10508000 | 9622339 | – |
| വികസന ഫണ്ട് - റ്റി.എസ്.പി. | – | 12800000 | 12800000 | 12799681 | – |
| കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺറ്റൈഡ് ) | 223,157 | 5363127 (പലിശ ₹238127ഉൾപ്പടെ) | 5586284 | 4278016 | 1308268 |
| കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഗ്രാന്റ്) | 5850488 | 7688000 | 13538488 | 8518518 | 5019970 |
| സംരക്ഷണ ഗ്രാന്റ് – റോഡ് | – | 8918000 | 8918000 | 6593640 | – |
| സംരക്ഷണ ഗ്രാന്റ് – റോഡിതരം | – | 5913000 | 5913000 | 2926479 | – |
| ഐ.സി.ഡി.എസ് | 1434940 | 560763 | 1995703 | 656021 | 1339682 |
| ടോട്ടൽ സാനിറ്റേഷൻ* | 555959 | 0 | 555959 | 130000 | 425959 |

| | | | | | |
|---|---|---|---|---|---|
| പ്രളയ ദുരിതാശ്വാസ ഗ്രാന്റ് | 154270 | 0 | 154270 | 0 | 154270 |
| ഓർഗാനിക് പഞ്ചായത്ത് അവാർഡ് | 300000 | 0 | 300000 | 0 | 300000 |
| പട്ടിക വർഗ്ഗ കോർപസ് ഫണ്ട് | 3488804 | 0 | 3488804 | 0 | 3488804 |
| പ്രളയ ദുരിതാശ്വാസ സംഭാവന | 80657 | 0 | 80657 | 0 | 80657 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 326812 | 0 | 326812 | 0 | 326812 |
| ജലനിധി | 6615511 | 87606 (പലിശ) | 6703117 | 4274885 | 2428232 |
| ഗ്രാന്റ് (320300199) | 1066657 | 32323737 | 33390394 | 15563737 | 17826657 |
| ഗ്രാന്റ് (320200399) | 494567 | 0 | 494567 | 0 | 494567 |
| ഹെൽത്ത് ഗ്രാന്റ് ** (320100201) | 0 | 375975 | 375975 | 355661 | 20314 |
| ഹെൽത്ത് ഗ്രാന്റ് (320100203) | 0 | 25740 | 25740 | 13462 | 12278 |
| National Health Mission (320100139) | 0 | 500000 | 500000 | 0 | 500000 |
| Special Central Assistance To Tribal Sub Plan (320100169) | 0 | 26885 | 26885 | 0 | 26885 |

*ടോട്ടൽ സാനിറ്റേഷൻ ഇനത്തിൽ 320100181 ( മുന്നിരിപ്പ് -₹520209), 320300103 (മുന്നിരിപ്പ്-₹35750) എന്നീ ശീർഷകങ്ങളിലെ തുക ഉൾപ്പെടുന്നുണ്ട്.

** ഹെൽത്ത് ഗ്രാന്റ് (320100201) ഇനത്തിലെ ചെലവിൽ 312100152 ശീർഷകത്തിലെ ₹2,09,004/-യും ഉൾപ്പെടുന്നുണ്ട് (146657+209004=355661).

<u>ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ</u>

1) സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക (₹) |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 3015926 |
| വികസന ഫണ്ട്-ജനറൽ | അങ്കണവാടി അധിക വേതനം | 1270200 |
| വികസന ഫണ്ട് – ജനറൽ | റവന്യൂ പിരിവിൽ 90% കൈവരിക്കാത്തതിനാൽ പിഴയായി ഈടാക്കിയ തുക | 374720 |
| വികസന ഫണ്ട് – എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 4317942 |
| വികസന ഫണ്ട് - റ്റി.എസ് .പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 7805764 |

2) സർക്കാർ അനുവദിച്ച ഗ്രാന്റ് തുകകൾ പൂർണ്ണമായും വെബ് സാംഖ്യയിൽ വരവിലെടുത്തിട്ടില്ല. ചെലവിൽ ഈ തുക ഉൾപ്പെടുത്തിയിട്ടുമുണ്ട്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചില ഇനങ്ങൾക്ക് നെഗറ്റീവ് ബാലൻസ് ആണ് (ഉദാ. വികസന ഫണ്ട് - എസ്.സി.പി., റ്റി.എസ്.പി.).

3) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ ലഭ്യമല്ല.

4) വിവിധ ഗ്രാന്റുകളുടെ ചെലവുകൾ സംബന്ധിച്ച് വാർഷിക കണക്കിലുള്ള ജേണൽ എൻട്രികൾക്ക് ആധാരമായി രേഖകൾ സൂക്ഷിച്ചിട്ടില്ല.

5) 2021-22 വർഷത്തെ AFS പ്രകാരം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) ഇനത്തിലെ നീക്കിയിരിപ്പ് ₹50,19,970/-യും കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) ഇനത്തിലെ നീക്കിയിരിപ്പ് ₹13,08,268/-യുമാണ്. AFS പ്രകാരമുള്ള തൻവർഷ വരവ്-ചെലവുകളാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്-ചെലവുകൾ, സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് എന്നിവ ILGMS-ൽ തയ്യാറാക്കിയിട്ടുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | | | | | |
|---|---|---|---|---|---|
| ഇനം | മുന്നിരിപ്പ് ₹ | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 9488439 | 9488439 | 9043509 | 444930 |
| ILGMS പ്രകാരം | 5850488 | 7688000 | 13538488 | 8518518 | 5019970 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | | | | | |
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 5319300 | 5319300 | 3931613 | 1387687 |
| ILGMS പ്രകാരം | 223,157 | 5363127 (പലിശ ₹238127/- ഉൾപ്പടെ) | 5586284 | 4278016 | 1308268 |

പി.എഫ്.എം.എസ്. പ്രകാരം തുക കൈമാറുന്നതിലുള്ള കാലതാമസമാണ് മുന്നിരിപ്പ്, ചെലവ് ഇനങ്ങളിലെ ഈ വ്യതിയാനങ്ങൾക്ക് കാരണം. ബേസിക്ക് ഗ്രാന്റ് ഇനത്തിലെ വരവിൽ ബാങ്ക് പലിശ ഇനത്തിലെ ₹2,38,127/-യും ഉൾപ്പെടുന്നുണ്ട്.

6) 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് ആസ്തി പരിപാലന ഗ്രാന്റ് (റോഡ്, റോഡിതരം) നിശ്ചിത 80% പരിധി അധികരിച്ച് ചെലവഴിക്കാനായില്ല. തൻമൂലം ഷോർട്ട് ഫോളായി

₹23,44,681/-യാണ് 2024-25ൽ നഷ്ടമാകുന്നത്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഖ. 1-3-1 ആയി ചേർത്തിട്ടുണ്ട്.

### 1-3-1 മെയിന്റനൻസ് ഫണ്ട് (റോഡ്, റോഡിതരം) ഇനങ്ങളിൽ ചെലവ് കുറവ് - ₹23,44,681/- ലാപ്സായി

ധനകാര്യ വകുപ്പിന്റെ 15.07.2021ലെ ജി.ഒ.(എം.എസ്.)79/2021 നമ്പർ ഉത്തരവനുസരിച്ച്, ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, ആസ്തി പരിപാലന ഗ്രാന്റ് വിഹിതങ്ങൾ പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം ആകെ അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം മാത്രമാണ് അടുത്ത സാമ്പത്തിക വർഷത്തെ ക്യാരി ഓവർ ചെയ്ത് ലഭിക്കുന്നത്. 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് ആസ്തി പരിപാലന ഗ്രാന്റ് (റോഡ്, റോഡിതരം) ഇനങ്ങളിൽ ചെലവ് നിശ്ചിത 80% കടക്കാതിരുന്നതിനാൽ ഷോർട്ട് ഫോളായി ₹23,44,681/-യാണ് നഷ്ടമാകുന്നത്.

| ഫണ്ടിനം | അലോട്ട്മെന്റ് (₹) | യഥാർത്ഥ ചെലവ് (₹) | ചെലവ് ശതമാനം | 2023-24ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക (₹) | ഷോർട്ട് ഫോൾ ഇനത്തിൽ നഷ്ടമായ തുക (₹) |
|---|---|---|---|---|---|
| ആസ്തി പരിപാലന ഗ്രാന്റ് (റോഡ്) | 8918000 | 6593640 | 73.94 | 1783600 | 540760 |
| ആസ്തി പരിപാലന ഗ്രാന്റ് (റോഡിതരം) | 5913000 | 2926479 | 49.49 | 1182600 | 1803921 |
| | | | | ആകെ | 2344681 |

ഷോർട്ട് ഫോളിലൂടെ ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടമുണ്ടാകുന്നത് ഒഴിവാക്കാൻ ഭാവിയിൽ മുൻകരുതൽ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ്, നിർവഹണ ഉദ്യോഗസ്ഥർ എന്നിവരുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

### 1-3-2 റവന്യൂ പിരിവിലെ വീഴ്ച - വികസന ഫണ്ടിൽ നിന്ന് നഷ്ടമായത് ₹3,74,720/-

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ റവന്യൂ വിഭവങ്ങൾ യഥാവിധി പിരിച്ചെടുക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തുന്ന വിഷയം ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ പ്രത്യേകമായി പരിഗണിച്ചിരുന്നു. ഇതിന് ഒരു പരിഹാരമെന്ന നിലയിൽ ആകെ റവന്യൂ ഡിമാന്റ് തുകയുടെ 90 ശതമാനമെങ്കിലും പിരിച്ചെടുക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്, വികസന ഫണ്ടിന്റെ (പൊതു വിഭാഗം) ഒരു

ശതമാനം പിഴയായി ഈടാക്കണമെന്ന് തങ്ങളുടെ രണ്ടാമത് റിപ്പോർട്ടിലെ 8-ാം നമ്പർ ശുപാർശയായി കമ്മീഷൻ സർക്കാർ മുൻപാകെ സമർപ്പിക്കുകയുണ്ടായി. ഈ ശുപാർശ അംഗീകരിച്ച് സർക്കാർ ധനകാര്യ വകുപ്പിന്റെ 18.10.2022-ലെ ഇ.ഒ.(എം.എസ്.) 179/2022 നമ്പർ ഉത്തരവിലൂടെ പിഴ ഈടാക്കൽ നടപടിയ്ക്ക് 2022-23 സാമ്പത്തിക വർഷം മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്. മറയൂർ ഗ്രാമപ്പഞ്ചായത്ത് 2022-23 സാമ്പത്തിക വർഷം റവന്യൂ പിരിവിൽ 90% കൈവരിക്കാതിരുന്നത് മുൻനിർത്തി വികസന ഫണ്ടിന്റെ മൂന്നാം ഗഡുവിൽ നിന്ന് ₹3,74,720/- കുറവ് വരുത്തിയാണ് സർക്കാർ തൻവർഷത്തെ അലോട്ട്മെന്റ് നൽകിയത്. നികുതി പിരിവിന്റെ ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, പിരിവ് വിഭാഗം ജീവനക്കാർ എന്നിവരുടെ ക്രിയാത്മക ഇടപെടലുകളുടെ അഭാവമാണ് തുക നഷ്ടപ്പെടാൻ കാരണമായത്. ദൈനംദിന ആവശ്യങ്ങൾക്ക് പോലും സർക്കാർ ഗ്രാന്റുകളെ ആശ്രയിക്കുന്ന ഗ്രാമപഞ്ചായത്ത് റവന്യൂ പിരിവിൽ വീഴ്ച വരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ വീഴ്ച്ച ആവർത്തിക്കാതിരിക്കാൻ കർശന മുൻകരുതൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|
| 196 | 288684892 | 162 | 152685079 | 34 | 82.65 |

വിവിധ നിർവ്വഹണഉദ്യോഗസ്ഥർ ആവിഷ്ക്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 4884000 | 4884000 | 100 |
| വെറ്ററിനറി സർജൻ | 9 | 9 | 6108650 | 4158265 | 68.07 |
| മെഡിക്കൽ ഓഫീസർ (സി. എച്ച്. സി.) | 5 | 5 | 1872761 | 1758448 | 93.9 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 4 | 4 | 836659 | 770814 | 92.13 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 3 | 3 | 2137965 | 214094 | 10.01 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 11 | 9 | 167120000 | 75844000 | 45.38 |
| ഐ. സി. ഡി. എസ്. സൂപ്പർവൈസർ | 10 | 10 | 6675960 | 5062560 | 75.83 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 2100000 | 1398978 | 66.62 |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | 48 | 36 | 40864947 | 26821819 | 65.64 |
| ഹെഡ്മാസ്റ്റർ | 6 | 6 | 11978752 | 6669012 | 55.67 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 75 | 59 | 39772894 | 22535833 | 56.66 |
| അസിസ്റ്റന്റ് സെക്രട്ടറി | 17 | 13 | 4332304 | 2567256 | 59.26 |
| ആകെ | 196 | 162 | 288684892 | 152685079 | 52.89 |

ജില്ലാ ആസൂത്രണ സമിതിയുടെ 06/03/2023-ലെ 677/2022/DPC/DPO/IDK അന്തിമ ഉത്തരവ് പ്രകാരം വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 196 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. തൻവർഷം പദ്ധതി പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുകയുടെ 52.89% മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളത്. ആകെ തയ്യാറാക്കിയ 196 പദ്ധതികളിൽ 162 പദ്ധതികളാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. കാർഷിക മേഖലയിൽ വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാനായിട്ടുണ്ട്. സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് (10.01%), വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (45.38%) എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി ചെലവ് 50 ശതമാനത്തിലും കുറവാണ്.

വികസനഫണ്ട് സർക്കാർ നിശ്ചയിച്ച പരിധിയിലധികം ചെലവഴിക്കാനായെങ്കിലും മെയിന്റനൻസ് ഫണ്ട് (റോഡ്, റോഡിതരം) ഇനങ്ങളിലെ ചെലവ് നിശ്ചിത പരിധിയിലും കുറവാണ്. ഷോർട്ട് ഫോൾ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ₹23,44,681/- നഷ്ടമാകുന്നതിന് ഇടയാക്കി.

അപാകങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും വിവിധ സമിതികളുടെ അടിയന്തിര ശ്രദ്ധയും ക്രിയാത്മകമായ ഇടപെടലുകളും ഉണ്ടാകേണ്ടതാണ്.

### 1-4-1 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല

സ.ഉ.(കൈ)നം.84/തസ്വഭവ., തീയതി. 19.04.2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതുഫണ്ടും ഉപയോഗപ്പെടുത്തി റോഡ്-റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക, സേവന നിലവാരം ഉയർത്തുക, ആസ്തി വിപുലപ്പെടുത്തുക, സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുക, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാക്കുക എന്നിവയാണ് ആസ്തി സംരക്ഷണ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കുലർ നം. 50412/ഡി.ബി.2/2011/ത.സ്വ.ഭ.വ., തീയതി. 13.10.2011 പ്രകാരം ആസ്തി രജിസ്റ്റർ എഴുതി

സൂക്ഷിക്കേണ്ടതാണെന്നും, സർക്കുലർ നം.50608/ഡി.ബി.2/2009/ത.സ്വ.ഭ.വ., തീയതി 13.10.2010 ഉത്തരവ് പ്രകാരം ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു. നിലവിലുള്ള ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലാനുസൃതമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച് വരുന്നുണ്ട്. എന്നാൽ സ്ഥാപനത്തിൽ നാളിതുവരെ പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കേണ്ടതുണ്ട് എന്നും നിഷ്കർഷിക്കുന്നുണ്ട്. ഇതിനായി പഞ്ചായത്തിലെ ആസ്തികളുടെ സംരക്ഷണത്തിന് മതിയായ പ്രാധാന്യം നൽകി പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതുണ്ട്. മെയിന്റനൻസ് ഫണ്ട് വിനിയോഗം സംബന്ധിച്ച തദ്ദേശ സ്വയം ഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലേയും സർക്കുലറുകളിലേയും നിബന്ധനകൾ പാലിച്ച് കൊണ്ടായിരിക്കണം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടത്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.01.2017ലെ ജി.ഒ.(ആർ.ടി.)166/2017 ആയി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. മാന്വൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക, വാർഷിക റിവ്യൂകൾ എന്നിവ നടത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനുവേണ്ട നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപന രേഖയുടെ അഭാവത്തിലാണ് ഗ്രാമപഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിക്കൽ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചതെന്ന് കാണുന്നു. ആസ്തി സംരക്ഷണം എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെടുന്നതാണ്. ആയതിനാൽ മാന്വൽ പ്രകാരമുള്ള അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ മൂല്യം, അളവ്, പ്രദേശം, ആസ്തി ആർജ്ജിച്ച കാലയളവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ സ്ഥാപനം സൂക്ഷിക്കേണ്ടതും ആസ്തി രജിസ്റ്റർ കാലാനുസൃതമാക്കി സൂക്ഷിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതുമാണ്. അസറ്റ് മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1711 | 1302714 (1302570+ 144(പലിശ) | 1304425 | 1304425 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 61104856 | 61104856 | 61104856 | 0 |

## 1-6 സാമൂഹ്യ സുരക്ഷ പദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 288200 | 19 |
| വിധവ പെൻഷൻ | 8785600 | 556 |
| വാർദ്ധക്യകാല പെൻഷൻ | 28679500 | 1656 |
| ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2172800 | 125 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 68800 | 6 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-10-2023ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസില്ല എന്ന് ബോദ്ധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

പഞ്ചായത്ത് കാര്യാലയത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

ജീവനക്കാരുടെ ചുമതലകൾ യഥാസമയം ഓഫീസ് ഉത്തരവുകൾ മുഖേന വിഭജിച്ച് നൽകുന്നുണ്ട്.

അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് കാലികമാക്കിയിട്ടില്ല. വരവിനങ്ങളുടെ രജിസ്റ്ററുകളിൽ വിവിധ ഇനങ്ങളുടെ അഡ്വാൻസ് കളക്ഷൻ രേഖപ്പെടുത്തുന്നില്ല.

അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വരവിനങ്ങളുടെ മുൻവർഷ കുടിശ്ശികയായി ധനകാര്യ പത്രികയിൽ സൂചിപ്പിച്ചിട്ടുള്ള തുകകളുടെ കൃത്യത ബോദ്ധ്യപ്പെടുന്നതിനോ അവയുടെ പിരിവ്

നിരീക്ഷിക്കുന്നതിനോ സാധിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലഹരണപ്പെടുന്ന തുകകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് ബുക്കിൽ തൻവർഷത്തെ വാങ്ങലുകൾ സംബന്ധിച്ച രേഖപ്പെടുത്തലുകളില്ല. വിവിധ രജിസ്റ്ററുകൾ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

2022-23 സാമ്പത്തിക വർഷം റവന്യൂ പിരിവിൽ 90% കൈവരിക്കാതിരുന്നതിനാൽ വികസന ഫണ്ടിന്റെ മൂന്നാം ഗഡുവിൽനിന്ന് ₹3,74,720/- കുറവ് വരുത്തിയാണ് സർക്കാർ തൻവർഷത്തെ അലോട്ട്മെന്റ് നൽകിയത്. ഈ വിഷയത്തിൽ നികുതി പിരിവിന്റെ ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, പിരിവ് വിഭാഗം ജീവനക്കാർ എന്നിവരുടെ ക്രിയാത്മക ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

വാർഷിക പദ്ധതിയിൽ ആവിഷ്ക്കരിച്ച 82.65% പ്രോജക്ടുകളും നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. കാർഷിക മേഖലയിൽ വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാനായിട്ടുണ്ട്. മെയിന്റനൻസ് ഫണ്ട് (റോഡ്, റോഡിതരം) ഇനങ്ങളിലെ ചെലവ് നിശ്ചിത പരിധിയിലും കുറവായതിനാൽ ഷോർട്ട് ഫോൾ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ₹23,44,681/- നഷ്ടമാകും. പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

പരാമർശിത അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-9 തനത് ഫണ്ട് സമാഹരണം - അവലോകനം

ഇന്ത്യയിൽ സ്വാഭാവികമായി ചന്ദനമരങ്ങൾ വളരുന്ന ഏക പ്രദേശമാണ് മറയൂർ. ഭൗമസൂചിക പദവി ലഭിച്ച മറയൂർ ശർക്കരയുടെ ഉത്പാദന യൂണിറ്റുകളും കരിമ്പ് തോട്ടങ്ങളും വൈവിധ്യ കാഴ്ചകളാണ്. പതിറ്റാണ്ടുകളായി മൂന്നാർ ടൂറിസത്തിന്റെ നിഴലിൽ ഒതുങ്ങി നിൽക്കുകയാണ് മറയൂർ. കാർഷിക മേഖലയായിരുന്നുവെങ്കിലും കൃഷിസ്ഥലം നികത്തി കെട്ടിടങ്ങൾ ഉയരുന്ന സാഹചര്യമാണ് നിലവിലുള്ളത്.

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസുകൾ, വാടക തുടങ്ങിയവയാണ് സർക്കാർ ഗ്രാന്റുകൾക്ക് പുറമെയുള്ള വരുമാന മാർഗങ്ങൾ. തനത് വിഭവ സ്രോതസുകളുടെ സമാഹരണം, അവയുടെ വികസനത്തിനായി ഉദ്യോഗസ്ഥതലത്തിലും ഭരണതലത്തിലും സ്വീകരിച്ച നടപടികളുടെ കാര്യക്ഷമത, അതിലൂടെ സിദ്ധിച്ച നേട്ടങ്ങൾ, അധികമായി നടപ്പിൽ വരുത്തേണ്ട കാര്യങ്ങൾ തുടങ്ങിയ വിഷയങ്ങൾ പൊതുവായി വിലയിരുത്തി തയ്യാറാക്കിയ അവലോകനം ചുവടെ ചേർക്കുന്നു.

### വിവിധ വരവിനങ്ങൾ

*1) വസ്തു നികുതി*

ഗ്രാമപഞ്ചായത്തിൽ 13 വാർഡുകളാണുള്ളത്. പഞ്ചായത്തിലെ പ്രധാന വരുമാനം വസ്തു നികുതിയാണ്.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിലവിലിരിക്കുന്ന അടിസ്ഥാന നികുതി നിരക്കുകൾ സർക്കാർ വിജ്ഞാപനം ചെയ്ത കൂടിയതും കുറഞ്ഞതുമായ പരിധിക്ക് വിധേയമായി 01/04/2011 പ്രാബല്യത്തിൽ നിലവിൽ വന്നിട്ടുള്ളതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 203-ാം വകുപ്പ്, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ 5 വർഷ കാലയളവിലേക്കും പ്രാബല്യത്തിൽ വരുത്തേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സർക്കാർ നിശ്ചയിക്കുന്ന പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്യേണ്ടതാണ്. 01/04/2023 മുതൽ തുടങ്ങുന്ന 5 വർഷക്കാലയളവിൽ ഒരോ വിഭാഗം കെട്ടിടങ്ങൾക്കും അവയുടെ ഉപവിഭാഗങ്ങൾക്കും ബാധകമായിരിക്കേണ്ട വസ്തു നികുതി നിരക്കുകളുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ 05/04/2023ലെ സ.ഉ.(അച്ചടി)25/2023/LSGD നമ്പർ വിജ്ഞാപന പ്രകാരം സർക്കാർ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. തദ്ദേശ സ്വയംഭരണ(ആർ.സി.) വകുപ്പിന്റെ 22-03-2023ലെ സ.ഉ.(കൈ)നം.77/2023/LSGD നമ്പർ ഉത്തരവിലൂടെ 01-04-2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. 26/04/2023 തീയതിയിലെ കമ്മിറ്റിയിൽ മാർഗ്ഗനിർദ്ദേശങ്ങൾ വായിച്ച് ചർച്ച ചെയ്തു. പുതിയ നികുതി പരിഷ്കരണം വരെ നിലവിലുള്ള വസ്തു നികുതിയിന്മേൽ 5% വർദ്ധനവ് വരുത്തിയിട്ടുള്ളതിനാൽ മറയൂർ ഗ്രാമ പഞ്ചായത്തിലും 01.04.2023 മുതൽ മുൻകാല പ്രാബല്യത്തിൽ ടി വർദ്ധനവ് വരുത്തി.

25.05.2023ലെ കമ്മിറ്റിയിൽ മറയൂർ ഗ്രാമ പഞ്ചായത്തിലെ പ്രദേശങ്ങളെ പ്രഥമ, ദ്വിതീയ തൃതീയ മേഖലകളായി തിരിച്ച് തീരുമാനിക്കുകയും തുടർ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

പുതുക്കിയ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ ഇതേ കമ്മിറ്റിയിൽ 2-ാം നമ്പർ തീരുമാനപ്രകാരം താല്ക്കാലികമായി അംഗീകരിച്ച് തീരുമാനിച്ചിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിലേക്കായി വിവര ശേഖരണത്തിനും ഡേറ്റ എൻട്രിക്കുമായി ക്വാളിഫൈഡ് സ്റ്റാഫിനെ തെരഞ്ഞെടുക്കുന്ന നടപടികൾ പൂർത്തിയായിട്ടുണ്ട്. സർവ്വേ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിന് ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

നികുതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന നടപടി ക്രമങ്ങൾ കൂടി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

- ഭൂപ്രദേശങ്ങളെ മേഖലകളായി തിരിച്ചും വിവിധ റോഡുകൾ തരം തിരിച്ചും താല്ക്കാലികമായി

നിശ്ചയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് പരിഷ്കരിച്ച വസ്തുനികുതി നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തി ഈടാക്കേണ്ടതാണ്.

- കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിന് ശേഷം അവയുടെ തറ വിസ്തീർണത്തിലോ ഉപയോഗക്രമത്തിലോ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് വസ്തുനികുതി പുതുക്കി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- നികുതി നിർണ്ണയ പരിധിയിൽ ഉൾപ്പെടാതെ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി ക്രമവത്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.
- നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും പ്രത്യേക നമ്പർ (UA) നൽകേണ്ടതും ആ കെട്ടിടങ്ങൾക്ക് നിയമാനുസൃത നമ്പർ നൽകുന്നതുവരെയോ അവ പൊളിച്ച് നീക്കുന്നതുവരെയോ അത്തരം കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതുമാണ്.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഞ്ചയ ഡാറ്റാബേസിലുള്ള കെട്ടിടങ്ങളുടെ വിവരം ഫീൽഡ് പരിശോധനയിലൂടെ കൃത്യമാക്കേണ്ടതാണ്. ആയതിനെ അടിസ്ഥാനമാക്കി നികുതി നിർണ്ണയിക്കപ്പെടാത്തതോ തറ വിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ വ്യത്യാസമുള്ളതോ ആയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുകയോ പുനർ നിർണ്ണയിക്കുകയോ ചെയ്യേണ്ടതാണ്.
- സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതാണ്.
- നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണം. ഇത് സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സൺ തൊട്ടടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

*2) തൊഴിൽ നികുതി*

വനം വകുപ്പിലെ വിവിധ ഓഫീസുകളാണ് തൊഴിൽനികുതി പിരിവിൽ മുഖ്യമായും ഉൾപ്പെടുന്നത്. അത്തരം സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് പരമാവധി നികുതി ഈടാക്കിയിട്ടുണ്ട്. തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കി ഡിമാൻഡ് നോട്ടീസ് നൽകേണ്ടതും നികുതിപിരിവിൽ നിന്ന് ആരും ഒഴിവാകുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.

*3) ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്*

170 സ്ഥാപനങ്ങളാണ് തൻവർഷം ലൈസൻസ് എടുത്തിട്ടുള്ളത്. സഞ്ചയ സോഫ്റ്റ് വെയറിൽ ക്രോഡീകരിച്ചിട്ടുള്ള വിവരങ്ങളനുസരിച്ച് "വാണിജ്യ ആവശ്യം" എന്ന ഉപയോഗക്രമത്തിൽ നികുതി നിർണയിക്കപ്പെട്ട 462 കെട്ടിടങ്ങളാണ് ഗ്രാമപഞ്ചായത്തിലുള്ളത്. ഖരമാലിന്യ പരിപാലന പരിപാടികളുടെ പുരോഗതി വിലയിരുത്തുന്നതിന് കില വികസിപ്പിച്ച വാർറൂം പോർട്ടലിൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ കണക്കുകളനുസരിച്ച് ഗ്രാമപഞ്ചായത്ത് പരിധിയിൽ 312 വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ 2022-2023 സാമ്പത്തിക വർഷം 170 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളതെന്ന് ഡിമാന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ സൂചിപ്പിക്കുന്നു. ഖണ്ഡിക 1-12 കാണുക. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസിന്റെ പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ മുഴുവൻ വ്യാപാര-വ്യവസായ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

*4) വാടക, കുത്തകാവകാശം*

ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക, ഒരു പ്രധാന വരുമാന സ്രോതസ്സാണ്. പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 3 വാർഡുകളിലായി 14 കടമുറികൾ ഉണ്ട്. ഇവയിൽ 2 കടമുറികൾ ഒഴിഞ്ഞു കിടക്കുകയാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

*5) സേവന ഉപനികുതി*

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്ക് (ജല വിതരണം, ശുചിത്വ പരിപാലനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ്) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 207-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ പ്രസ്തുത സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം സേവന നികുതി ഈടാക്കുന്നില്ല. പരാമർശിത സേവനങ്ങൾ പൊതുജനങ്ങൾക്കായി ആവശ്യാനുസരണം ലഭ്യമാക്കി സേവന ഉപനികുതി ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് ഭരണ സമിതിക്ക് ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളാവുന്നതാണ്.

ഗ്രാമപഞ്ചായത്തിന്റെ തനത് സ്രോതസ്സുകൾ പരമാവധി ചൂഷണം ചെയ്യാൻ പര്യാപ്തമായ രീതിയിൽ

നടപടികൾ ഏകോപിപ്പിച്ച് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണ സമിതി, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവരുടെ സജീവ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-10 100 ചതുരശ്ര മീറ്ററിൽ കൂടുതൽ തറ വിസ്തീർണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണയിച്ചു

ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വസ്തുനികുതി രേഖകൾ (സഞ്ചയ സോഫ്റ്റ്‌വെയറിൽ ക്രോഡീകരിച്ചത്) പരിശോധിച്ചതിൽ, വാണിജ്യാവശ്യത്തിനുള്ള ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങൾ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന ഗണത്തിൽപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളതെങ്കിലും കെട്ടിടത്തിന്റെ വിസ്തീർണ്ണം യഥാർത്ഥത്തിൽ 100 ചതുരശ്ര മീറ്ററിന് മുകളിലാണെന്ന് കാണുകയുണ്ടായി. വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഇത്തരം കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുള്ള നിരക്ക് ചതുരശ്ര മീറ്ററിന് ₹60/-ഉം 100 ചതുരശ്രമീറ്ററിന് താഴെയുള്ള കെട്ടിടങ്ങൾക്ക് ₹50/ഉം ആണ്.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | ഉടമയുടെ പേര് | വിസ്തീർണം (ച. മീറ്റർ) | നിർണയിച്ച നികുതി ₹ | നിർണയിക്കേണ്ടിയിരുന്ന നികുതി | നികുതി നഷ്ടം ₹ |
|---|---|---|---|---|---|---|
| 1 | V/137 | നിംന മീരാ യൂസഫ്, എഴുത്താനിക്കാട്ട് | 120 | 6000 | 7200 | 1200 |
| 2 | VII/39 | ചന്ദ്രലാൽ, മാതാളിപ്പാറ, മറയൂർ | 150 | 7500 | 9000 | 1500 |
| | | ആകെ | | | | 2700 |

നികുതിയിനത്തിൽ ₹2,700/-യുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വസ്തുനികുതി കുറഞ്ഞ നിരക്കിൽ നിർണയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.10/2023 തീയതി 12.10.2023)ക്ക് മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും വാണിജ്യ കെട്ടിടങ്ങളുടെ നികുതി നിർണ്ണയം പരിശോധിച്ച്, മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകം ആവർത്തിച്ചിട്ടുള്ളപക്ഷം പുനർ നിർണ്ണയിച്ച് ഡിമാൻഡ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-11 ഉപയോഗ ക്രമത്തിനനനുസൃതമായി വസ്തു നികുതി ചുമത്തുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ചുവടെ ചേർത്തിരിക്കുന്ന കെട്ടിടത്തിന്റെ സഞ്ചയ സോഫ്റ്റ് വെയർ

പ്രകാരമുള്ള ഉപയോഗക്രമവും വാണിജ്യ ആവശ്യത്തിന് നൽകിയ ലൈസൻസ് പ്രകാരം അനുവദിച്ചിരിക്കുന്ന ഉപയോഗക്രമവും തമ്മിൽ പൊരുത്തക്കേടുള്ളതായി കാണുന്നു. പാർപ്പിടങ്ങൾ/വീട് എന്ന വിഭാഗത്തിൽ നമ്പർ നൽകിയാണ് കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത് .

| | | | | | 2022-23 രണ്ടാം അർദ്ധവർഷം | | |
|---|---|---|---|---|---|---|---|
| വാർഡ്/ കെട്ടിട നം. | സഞ്ചയ പ്രകാരമുള്ള ഉപയോഗക്രമം | കെട്ടിടത്തിന്റെ ഉപയോഗക്രമം | ഉടമയുടെ പേര് | വിസ്തീർണം | നിർണയിച്ച വസ്തുനികുതി | നിർണയിക്കേണ്ടിയിരുന്ന വസ്തുനികുതി | വസ്തു നികുതിയിൽ കുറവ് ₹ |
| 6/219 | പാർപ്പിടാവശ്യം | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് താഴെ തറ വിസ്തീർണ്ണം ഉള്ള കെട്ടിടം | അഷ്റഫ് അലി, ബാബുനഗർ, മറയൂർ | 71.4 ച.മീ | 216 | 71.4x50 = 3570/2 = 1785 | 1569 |

24.11.2022-ലാണ് ശ്രീ. അനീഷ് റ്റി. ആർ., ഉരുത്തുമ്മേൽ (H) VI/ 219 നമ്പർ കെട്ടിടത്തിൽ ടയർ പഞ്ചർ വർക്ക്, സ്റ്റിക്കർ വർക്ക് എന്നീ ആവശ്യങ്ങൾക്കായി ലൈസൻസിനുള്ള അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. അപേക്ഷയോടൊപ്പം ലഭ്യമാക്കിയിരിക്കുന്ന മറയൂർ സാമൂഹിക ആരോഗ്യ കേന്ദ്രം ഹെൽത്ത് ഇൻസ്പെക്ടറുടെ നം. 3/24.11.2022 നമ്പർ സാനിട്ടറി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിട നം. VI/376 എന്നാണ്. വാടക ചീട്ട് പ്രകാരം സ്ഥാപനം പ്രവർത്തിക്കുന്നത് നം. VI/219 നമ്പർ കെട്ടിടത്തിലും അപേക്ഷയിലും കരാറിലും കെട്ടിട നമ്പർ തിരുത്തിയിട്ടുള്ളതായി കാണുന്നു. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 10/2023, തീയതി 12.10.2023)ക്ക് മറുപടി ലഭ്യമാക്കിയില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ അടിസ്ഥാന വസ്തുനികുതി നിരക്ക് 8, അടിസ്ഥാന വസ്തു നികുതി 0 (അടിസ്ഥാന വസ്തു നികുതി 71.4 X 8 = 571 എന്നതിനു പകരം) എന്നിങ്ങനെ രേഖപ്പെടുത്തി 2022-23 രണ്ടാം അർദ്ധവർഷം ₹216/-ഉം 2023-24 വർഷം ₹454/-ഉം പഞ്ചായത്ത് ഡിമാന്റ് ചെയ്ത് ഈടാക്കിയിരിക്കുന്നു. ടി കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണ്ണയിക്കേണ്ടതും സഞ്ചയയിൽ ശരിയായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും പുതുക്കിയ നികുതി ഈടാക്കേണ്ടതുമാണ്. വിവിധ ആവശ്യങ്ങൾക്കുള്ള ലൈസൻസിന് ലഭിക്കുന്ന അപേക്ഷകളിൽ പരാമർശിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ ക്രോഡീകരിച്ചിട്ടുള്ള വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി പരിശോധിച്ച് നികുതി നിർണ്ണയം ചട്ടപ്രകാരമുള്ളത് തന്നെയെന്ന് ഉറപ്പാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2022-23 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ

ചുവടെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു.

I) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1. | Wild Life Sanctury, ചിന്നാർ | I |
| 2. | Wild Life Warden, Ervikulam National Park | I & II |
| 3. | Forest Range Office(Sandal Division) Marayur(DFO) | I &II |
| 4. | കൃഷി ഭവൻ, മറയൂർ | I |
| 5. | ഇകാർട്ട് ലോജിസ്റ്റിക്സ്, മറയൂർ | II |
| 6. | Unidor Fincorp Finance | I &II |

II) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം | |
|---|---|---|---|
| 1. | KLM Fin Corp., Marayur | I | II |
| 2. | Astoria Nidhi Ltd. | I | II |

ധനകാര്യ പത്രിക പ്രകാരം തൊഴിൽ നികുതിയിൽ തൻവർഷം കുടിശ്ശികയില്ല (ബി-15 പത്രിക കാണുക). തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.10/2023 തീയതി 12.10.2023)ക്ക് മറുപടി ലഭ്യമാക്കിയില്ല.

ജീവനക്കാരുടെ/പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നുള്ള തൊഴിൽ നികുതി (ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും) ഈടാക്കേണ്ടതാണ്.

1-13 ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ ഒഴിഞ്ഞ് കിടക്കുന്നു

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 14 കടമുറികളിൽ X-ാം വാർഡിൽ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലസിലെ 11, 13 നമ്പർ കടമുറികൾ ഒഴിഞ്ഞ് കിടക്കുന്നതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. 2021-22 വർഷം 11-ാം നമ്പർ മുറിക്ക് ലഭിച്ചിരുന്ന വാടകയായ ₹3,500/- പോലും ലേലം വിളിച്ചപ്പോൾ ലഭിക്കാതിരുന്ന സാഹചര്യത്തിൽ വരുമാനം ലഭിക്കാതെ ഒഴിഞ്ഞ് ഞു കിടക്കുന്നതിനേക്കാൾ നല്ലത് കുറഞ്ഞ നിരക്കിൽ വാടക ലഭിക്കുന്നതാണ് എന്ന് പഞ്ചായത്ത് കമ്മിറ്റി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 15.12.2022ലെ 14/1 നമ്പർ തീരുമാനപ്രകാരം ശ്രീമതി. ജയ എം., നാച്ചിവയൽ എന്ന

വ്യക്തിക്ക് ₹3000 + ജി.എസ്.റ്റി. അടിസ്ഥാനമാക്കി വാടകയ്ക്ക് നൽകാൻ തീരുമാനിച്ചു. എന്നാൽ പഞ്ചായത്ത് കുത്തകക്കാരിയുമായി കരാറിൽ ഏർപ്പെട്ടതായുള്ള യാതൊരു രേഖയും ഫയലിൽ ലഭ്യമല്ല. 1220102629/10.03.2023 രസീത് പ്രകാരം ടിയാൾ ₹3,540/- പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. 15/12/2022 മുതൽ 10.03.2023 വരെയുള്ള കാലയളിലെ വാടക ഒടുക്കാതിരുന്ന സാഹചര്യമെന്ത് എന്ന് ഫയലിൽ നിന്ന് വ്യക്തമല്ല.

കരാർ ചമയ്ക്കാതിരുന്നതിനും 15/12/2022 മുതൽ 10.03.2023 വരെയുള്ള കാലയളവിലെ വാടക ഈടാക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/2023 തീ. 12.10.2023) മറുപടി ലഭ്യമാക്കിയില്ല. വാടക ഈടാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഈടാക്കാൻ അവശേഷിക്കുന്ന വാടക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 റിസോർട്ടുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം റിസോർട്ടുകൾ എന്ന ഗണത്തിൽ ഉൾപ്പെട്ട ചുവടെ ചേർത്തിരിക്കുന്ന കെട്ടിടങ്ങൾ 2022-23 വർഷം ലൈസൻസ് എടുത്തതായി കാണുന്നില്ല.

| ക്രമ നം. | വാർഡ് | കെട്ടിട നം. | ഉടമസ്ഥന്റെ പേര് |
|---|---|---|---|
| 1 | 3 | 8/7 | സൂര്യ എസ്. നായർ, മണികണ്ഠവിലാസം |
| 2 | 3 | 9/1, 9/2, 9/3 | പ്രസിഡന്റ്, MSCB, മറയൂർ |
| 3 | 7 | 299, 299A,B,C,D,E,F | ശാന്തമ്മ, അനിതഭവൻ |
| 4 | 7 | 435/2,3 | സുഹറ, W/o റഫീഖ്, ചിറ്റേത്തുകുടിയിൽ |
| 5 | 11 | 16 | തങ്കമ്മ, പുത്തേട്ട്(H) |
| 6 | 13 | 102 | പി. ജെ. ആന്റണി, പാറയിൽ |

ലൈസൻസ് കൂടാതെ സ്ഥാപനം പ്രവർത്തിക്കാൻ അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 10/തീയതി 12.10.2023)ക്ക് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ റിസോർട്ടുകളും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-15 സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

2022-23 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലുള്ള ചുവടെ ചേർത്തിരിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 270-ാം

വകുപ്പ്, 1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3 എന്നിവ പ്രകാരമുള്ള ലൈസൻസ് എടുത്തതായി കാണുന്നില്ല.

| | |
|---|---|
| 1. | ഗ്ലോറി മിഷൻ ഹോസ്പിറ്റൽ, മറയൂർ |
| 2. | റ്റി. കെ. എൻ. ശാസ്താ ഹോസ്പിറ്റൽ, മറയൂർ |

അനുമതി കൂടാതെ സ്ഥാപനങ്ങളെ പ്രവർത്തിക്കാൻ അനുവദിച്ച നടപടിക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഇത്തരം സ്ഥാപനങ്ങളെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

1-16 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I, അനുച്ഛേദം 282 അനുസരിച്ച്, 3 വർഷത്തിലധികമായി അവകാശം ഉന്നയിക്കപ്പെടാതെ ശേഷിക്കുന്ന സിവിൽ നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നതാണ്. പ്രസ്തുത കാലപരിധി കഴിഞ്ഞ പല നിക്ഷേപങ്ങളും ഗ്രാമപഞ്ചായത്ത് ഋണബാധ്യത കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതായി കാണുന്നു. കരാറുകാർ, വിതരണക്കാർ എന്നിവരിൽ നിന്ന് സ്വീകരിച്ച നിരതദ്രവ്യം, ഇവരുടെ സെക്യൂരിറ്റി നിക്ഷേപം, വാടക നിക്ഷേപം, ഇലക്ഷൻ നിക്ഷേപം, മറ്റ് നിക്ഷേപങ്ങൾ തുടങ്ങിയ ഇനങ്ങളിലായി 2013-14 മുതലുള്ള തുകകളാണ് ഇത്തരത്തിൽ ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിരിക്കുന്നത്. 2018-19 വരെയുള്ള വർഷങ്ങളിൽ നിക്ഷേപിക്കപ്പെട്ടതും കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതുമായ സജീവമല്ലാത്ത നിക്ഷേപ തുക കാലഹരണപ്പെട്ടിട്ടുള്ളതാണ്.

02/09/2022 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റി യോഗത്തിലെ 4(1) നമ്പർ തീരുമാനപ്രകാരം 2020ലെ തദ്ദേശ തെരഞ്ഞെടുപ്പിൽ മറയൂർ ഗ്രാമപഞ്ചായത്തിൽ സ്ഥാനാർത്ഥികൾക്ക് വേണ്ടി നിക്ഷേപിച്ച തുക തിരികെ ലഭിക്കുന്നതിന് വേണ്ടി കേരള പഞ്ചായത്ത് രാജ് ആക്ട് 144, 2-ാം ഉപവകുപ്പ് പ്രകാരം സമയബന്ധിതമായ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്ത 80 പേരുടെ ആകെ നിക്ഷേപ തുകയായ ₹56,500/- പഞ്ചായത്ത് തനത് ഫണ്ടിലേക്ക് കണ്ടുകെട്ടുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. ഇതേ യോഗത്തിലെ 4(2) നമ്പർ തീരുമാനപ്രകാരം വാർഷിക പദ്ധതികളിലെയും കെട്ടിടം/ഷോപ്പിംഗ് കോംപ്ലക്സ് വാടകയുടെ ഡെപ്പോസിറ്റുകളും കൃത്യമായ പരിശോധന നടത്തി നിയമപരമായ റിപ്പോർട്ട് സമർപ്പിച്ച ശേഷം പഞ്ചായത്തിലേക്ക് മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. ഈ തുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയതിന്റെ/മുതൽ കൂട്ടുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്

(നം.13/തീ. 13.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്ററിൽ വർഷം തിരിച്ചാണ് രേഖപ്പെടുത്തൽ വരുത്തിയിട്ടുള്ളത്. കാലഹരണപ്പെട്ട നിക്ഷേപങ്ങളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ലഭ്യമായ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തുക (₹) |
|---|---|
| 2013-14 | 113000 |
| 2015-16 | 102700 |
| 2016-17 | 153132 |
| 2017-18 | 201232 |
| 2018-19 | 65500 |

കാലഹരണപ്പെട്ട നിക്ഷേപ തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടി കണക്കുകൾ യഥാവിധി ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും അതിനനുസരിച്ച് ഡെപ്പോസിറ്റ് രജിസ്റ്ററിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്.

## 1-17 സെക്രട്ടറിയുടെ തനത് ഫണ്ട് ചെലവുകൾ - അപാകതകൾ - ചെലവ് തടസ്സം - ₹41,612/-

ഓഡിറ്റ് വർഷത്തെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണപ്പെട്ടു.

| ക്രമ നം. | വൗച്ചർ നം. | തീയതി | ഇനം | അപാകത | നല്കിയ തുക ₹ |
|---|---|---|---|---|---|
| 1 | 22200020 | 17.06.22 | ഹൈ സ്പീഡ് ഇന്റർനെറ്റ് കണക്ഷൻ ഫീസ് ടോപ്ടെൻ കേബിൾ നെറ്റ് വർക്ക് എന്ന സ്ഥാപനത്തിന് നല്കിയത് | BSNL FTTH സാധ്യത ആരാഞ്ഞില്ല. സ്ഥാപനം ആവശ്യപ്പെട്ട ആകെ തുക നല്കിയിരിക്കുന്നു. വിശദമായ ഇൻവോയ്സ് ഇല്ല | 19816 |
| 2 | 22200088 | 07.07.22 | എം. പി. ഫണ്ടിൽ നിന്നും സി.എച്ച്.സി.-യ്ക്ക് ലഭിച്ച ആംബുലൻസിന്റെ ഉൽഘാടന ചെലവിനത്തിൽ മെഡിക്കൽ ഓഫീസർ, | ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നോ എച്ച്. എം. സി. ഫണ്ടിൽ നിന്നോ നടത്തേണ്ടിയിരുന്ന ചെലവ് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും നിർവഹിച്ചിരിക്കുന്നു | 8650 |

| | | | | | |
|---|---|---|---|---|---|
| | | | സി.എച്ച്. സി.-യ്ക്ക് അനുവദിച്ച തുക | | |
| 3 | 22200105 | 07.07.22 | എം. പി. ഫണ്ടിൽ നിന്നും സി.എച്ച്. സി.-യ്ക്ക് ലഭിച്ച ആംബുലൻസിന്റെ അധിക വില ഫോർസ് മോട്ടോഴ്സ് ലിമിറ്റഡിന് നല്കിയത് | ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നോ എച്ച്. എം. സി. ഫണ്ടിൽ നിന്നോ നടത്തേണ്ടിയിരുന്ന ചെലവ് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും നിർവഹിച്ചിരിക്കുന്നു | 13146 |
| | | | ആകെ | | 41612 |

മേൽ ചെലവുകൾ സംബന്ധിച്ച് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കുന്നത് വരെയും ₹41,612/-ന്റെ ആകെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-18 വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികൾ

1)

| | |
|---|---|
| പദ്ധതി നം., പേര് | 146/2023, കറവ പശു വളർത്തൽ (എസ്.സി.പി) |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | ₹1430000/- |
| ചെലവ് | 22100352008601208453/തീ. 17/02/2023, ₹450000.00<br>22100352008601330027/തീ. 10/03/2023, ₹525000.00<br>22100352008601330031/തീ. 10/03/2023, ₹15000.00 |

പഞ്ചായത്തിലെ 22 എസ്. സി. വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് പശു വളർത്തലിന് ധനസഹായം നൽകുന്ന പദ്ധതി നടത്തിപ്പിനായി ഗുണഭോക്താവ് ₹65,000/- ബാങ്ക് വായ്പ എടുക്കുകയും വാങ്ങിയ പശുവിനെ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന ഇൻഷ്വർ ചെയ്തതിന് ശേഷം സബ്സിഡി തുകയായ ₹45,000/- ഗുണഭോക്താവിന്റെ വായ്പയിലേക്ക് വകയിരുത്തുന്നതിനുമാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

2)

| | |
|---|---|
| പദ്ധതി നം., പേര് | 145/2023, കറവ പശു വളർത്തൽ (വനിത) |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | ₹2470000/- |

| | |
|---|---|
| ചെലവ് | 22100352008601208449/തീ. 17/02/2023, ₹300000.00<br><br>22100352008601330037/തീ. 10/03/2023, ₹840000.00 |

ഈ പദ്ധതി പ്രകാരം പഞ്ചായത്തിലെ 38 ജനറൽ വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് പശു വളർത്തലിന് ധനസഹായം നൽകുന്ന പദ്ധതി നടത്തിപ്പിനായി ഗുണഭോക്താവ് ₹65,000/- ബാങ്ക് വായ്പ എടുക്കുകയും വാങ്ങിയ പശുവിനെ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന ഇൻഷ്വർ ചെയ്യതിന് ശേഷം സബ്സിഡി തുകയായ ₹30,000/- ഗുണഭോക്താവിന്റെ വായ്പയിലേക്ക് വകയിരുത്തുന്നതിനുമാണ് വിഭാവനം ചെയ്തിട്ടുള്ളത്.

3)

| | |
|---|---|
| പദ്ധതി നം., പേര് | 148/2023, കറവ പശു വളർത്തൽ -കാലിത്തീറ്റ വിതരണം |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | ₹1001650/- |
| ചെലവ് | ₹1001650/- |

ഈ പദ്ധതി പ്രകാരം പഞ്ചായത്തിലെ 335 കറവ പശുക്കൾക്ക് 2022-23 സാമ്പത്തിക വർഷത്തിൽ ഒരു മാസം 2 ചാക്ക്(100kg) വീതം ചാക്ക് രണ്ടിന് ₹1,495/- സബ്സിഡി നിരക്കിൽ നൽകുന്നു. ഒരു കർഷകന്റെ പരമാവധി 3 കറവ പശുക്കൾക്ക് കാലിതീറ്റയ്ക്കുള്ള സബ്സിഡി നൽകുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

പദ്ധതികളുടെ (1 & 2 & 3) നടത്തിപ്പുമായി ബന്ധപ്പെട്ട അപാകത ചുവടെ ചേർക്കുന്നു

എ) മേൽപ്പറഞ്ഞ പദ്ധതികൾ (1 & 2 & 3) വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിയിട്ടുള്ളത്. സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരേ പോലെ പ്രയോജനം ലഭിക്കുന്ന മേൽ പദ്ധതികൾ വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ പദ്ധതി മാർഗ്ഗ രേഖ പ്രകാരം നിർദ്ദേശിക്കുന്നില്ല. സ്ത്രീകൾ നേരിടുന്ന വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ആസൂത്രിതമായ ഇടപെടലുകൾ നടത്തുകയും സ്ത്രീകളുടെ നിർണായക ലിംഗപദവി ആവശ്യങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനാണ് വനിത ഘടക പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരേ പോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തുവാനാവില്ല. എന്നാൽ വിധവകളായ വനിതകൾ ഗൃഹനാഥയായ കുടുംബം, ശയ്യാവലംബരായ ഭർത്താക്കൻമാരുള്ള കുടുംബത്തിലെ ഗൃഹനാഥ, ഭർത്താവ് ഉപേക്ഷിച്ച് പോയ കുടുംബത്തിലെ ഗൃഹനാഥ എന്നിവർ ഗുണഭോക്താക്കളാണെങ്കിൽ മാത്രം അവർക്കുള്ള ധനസഹായം വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി

നൽകാവുന്നതാണ്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ബി) മേൽ സൂചിപ്പിച്ച പദ്ധതി നമ്പർ (3) പ്രകാരം കേരള ഫീഡ്സ് കമ്പനിയുമായി ഏർപ്പെട്ട കരാർ വ്യവസ്ഥയിലെ ഭാഗം 8(1) ചുവടെ ചേർക്കുന്നു.

*8. (1) കാലിത്തീറ്റയുടെ ഇറക്ക് കൂലിയും മറ്റ് അനുബന്ധ ചെലവുകളും വഹിക്കുന്നതിന് ചാക്ക് ₹30/- മാത്രം നിരക്കിൽ കൈകാര്യ ചെലവ് നൽകുന്നതായിരിക്കും. ഈ തുക കാലിത്തീറ്റ വിതരണ പദ്ധതി പൂർത്തികരിച്ച് മേൽ സൂചിപ്പിച്ച നിരക്ക് പ്രകാരം കാലിത്തീറ്റയുടെ വില പൂർണമായും കമ്പനിയിൽ ലഭിച്ചതിന് ശേഷം പദ്ധതി നിർവഹണ ഉദ്യാഗസ്ഥന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ആയിരിക്കും നൽകുക.*

ക്ഷീര സംഘങ്ങൾ വഴി 670 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്തിട്ടുണ്ട്. കാലിത്തീറ്റയുടെ ഇറക്ക് കൂലിയും മറ്റ് അനുബന്ധ ചെലവുകളും വഹിക്കുന്നതിന് ചാക്ക് ഒന്നിന് ₹30/- വീതം ആകെ ₹20,100/-(670*30) കൈകാര്യ ചെലവ് ലഭ്യമായതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 3/തീയതി 12.10.2023) ലഭ്യമാക്കിയ മറുപടി പ്രകാരം കൈകാര്യ ചെലവ് ലഭ്യമായിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-19 ഫിഷറീസ് സബ് ഇൻസ്പെക്ടർ നടപ്പാക്കിയ പദ്ധതിയിലെ അപാകത

| | | |
|---|---|---|
| 1 | പദ്ധതി നം., പേര് | S0077/23 സുഭിക്ഷ കേരളം – വീട്ടുവളപ്പിൽ കുളത്തിലെ മൽസ്യ കൃഷി (എസ്. സി. – വനിത) |
| | അടങ്കൽ | ₹598608/- |
| | ബിൽ നം./തീയതി/തുക | 22100352016401531363, തീ. 28/03/2023, ₹115984.00 |
| 2 | പദ്ധതി നം.,പേര് | S0076/23 സുഭിക്ഷ കേരളം – വീട്ടുവളപ്പിൽ കുളത്തിലെ മൽസ്യ കൃഷി (ജനറൽ - വനിത) |
| | അടങ്കൽ | ₹1131260/- |
| | ബിൽ നം.,/തീയതി/തുക | 22100352016400941084/തീ. 21/12/2022, ₹7464.00<br>22100352016401531299/തീ. 28/03/2023, ₹67096.00 |

ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽപ്പറഞ്ഞ രണ്ട് പദ്ധതികളും വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിയിട്ടുള്ളത്. സ്ത്രീകൾ നേരിടുന്ന

വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ആസൂത്രിതമായ ഇടപെടലുകൾ നടത്തുകയും സ്ത്രീകളുടെ നിർണായക ലിംഗപദവി ആവശ്യങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനുമാണ് വനിതാ ഘടക പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരേ പോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തുവാനാവില്ല. സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരേ പോലെ പ്രയോജനം ലഭിക്കുന്ന മേൽ പദ്ധതികൾ വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കരുതെന്ന് പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗ രേഖയിലെ ഖ.6-3(3)ൽ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന് വിരുദ്ധമായി പദ്ധതികൾ നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 5, തീയതി 11.10.2023) ലഭ്യമാക്കിയ മറുപടി പ്രകാരം ഗുണഭോക്താക്കളുടെ റേഷൻ കാർഡ് പ്രകാരം അവർ ഗൃഹനാഥകളാണ് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ വിധവകളായ വനിതകൾ ഗൃഹനാഥയായ കുടുംബം, ശയ്യാവലംബരായ ഭർത്താക്കൻമാരുള്ള കുടുംബത്തിലെ ഗൃഹനാഥ, ഭർത്താവ് ഉപേക്ഷിച്ച് പോയ കുടുംബത്തിലെ ഗൃഹനാഥ എന്നിവർ ഗുണഭോക്താക്കളാണെങ്കിൽ അവർക്കുള്ള ധനസഹായം മാത്രമാണ് വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നൽകാവുന്നത്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-20 ഗോത്ര സാരഥി പദ്ധതി - ഡ്രൈവർ നിയമനത്തിലെ അപാകത

| | |
|---|---|
| പദ്ധതി നം., പേര് | 138/23, ഗോത്ര സാരഥി |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ് |
| അടങ്കൽ | ₹10637212/- |
| ചെലവ് | ₹5447618/- |

മേൽ സൂചിപ്പിച്ച പദ്ധതി പ്രകാരം വിവിധ സ്കൂളുകളിൽ പഠിക്കുന്ന പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ കുടികളിൽ നിന്നും സ്കൂളിൽ എത്തിക്കുന്നതിനും തിരികെ എത്തിക്കുന്നതിനുമായി വാഹന സൗകര്യം ഏർപ്പെടുത്തുന്നതിനായി നിർവഹണ ഉദ്യോഗസ്ഥ ക്ഷണിച്ച ദർഘാസ് പരസ്യത്തിലെ നിബന്ധന നമ്പർ 10(എ) പ്രകാരം വാഹനത്തിന്റെ ഡ്രൈവർക്ക് കുറഞ്ഞത് അഞ്ച് വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് കമ്മിറ്റിയുടെ 05/07/2022ലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച ക്വട്ടേഷനുകളിൽ ഉൾപ്പെടുന്ന ചുവടെ ചേർത്തിട്ടുള്ള ഡ്രൈവർമാർക്ക് ലൈസൻസ് ലഭിച്ചിട്ട് ഒരു വർഷത്തിൽ താഴെ മാത്രമുള്ളതും അഞ്ച് വർഷത്തെ പ്രവൃത്തി പരിചയമില്ലാത്തതുമാണ്.

| ക്രമ നം. | ഡ്രൈവറുടെ പേര് | ലൈസൻസ് ലഭിച്ച തീയതി |
|---|---|---|

| | | |
|---|---|---|
| 1 | അഭിഷേക് ആർ. | KL682018000598/25-09-2021 |
| 2 | ശൗര്യമുത്തു | KL6820210003326/12-10-2021 |
| 3 | ശ്രീരംഗൻ | KL6820210002644/08-09-2021 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 1, തീയതി 11.10.2023) ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി പരിചയം വേണമെന്ന് നിഷ്കർഷിച്ചിരുന്നു എങ്കിലും പരാമർശത്തിൽ പറഞ്ഞിരിക്കുന്ന 3 പേരും പട്ടിക വർഗ്ഗത്തിൽപ്പെട്ട മുതുവാൻ സമുദായാംഗങ്ങളാണെന്നും പട്ടിക വർഗ്ഗത്തിൽപ്പെടുന്നവരുടെ ഉന്നമനത്തിനായി പദ്ധതി നടപ്പിലാക്കുമ്പോൾ ടി വിഭാഗത്തിൽപ്പെടുന്ന ഉടമകളുടെ ഗോത്ര സാരഥി വാഹനമോ അല്ലെങ്കിൽ ടി വിഭാഗത്തിൽപ്പെടുന്ന ഡ്രൈവർമാരോ അപേക്ഷിക്കുകയാണെങ്കിൽ അവർക്ക് മുൻഗണന നൽകണമെന്ന് ടി.ഡി.ഒ.-യുടെ വാക്കാൽ ഉള്ള നിർദ്ദേശ പ്രകാരമാണ് ഗ്രാമ പഞ്ചായത്ത് ഭരണ സമിതി 5 വർഷത്തെ പ്രവൃത്തി പരിചയം വേണമെന്ന നിബന്ധനയിൽ ഇളവ് നൽകി ടിയാളുകളുടെ അപേക്ഷ പരിഗണിച്ച് അംഗീകരിച്ചത് എന്നറിയിച്ചിട്ടുണ്ട്. സ്കൂളുകളിൽ പഠിക്കുന്ന പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ സ്കൂളിൽ എത്തിച്ച് തിരികെ എത്തിക്കുന്നതിനായി ചുമതലപ്പെടുത്തപ്പെട്ടവരുടെ പ്രവൃത്തി പരിചയം കുട്ടികളുടെ സുരക്ഷിത യാത്രയെ മുൻ നിർത്തി ഉറപ്പാക്കേണ്ടതായിരുന്നു. ഇത്തരം അപാകത തുടർ വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-21 വാഹനം വാടകയ്ക്ക് എടുക്കൽ - ആദായ നികുതി സ്രോതസിൽ നിന്നും കിഴിവ് ചെയ്തില്ല

| | |
|---|---|
| പദ്ധതി നം., പേര് | 75/2023, പാലിയേറ്റീവ് കെയർ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., മറയൂർ |
| ചെലവ് | ₹1430112/- |
| വാഹന വാടകയായി ചെലവഴിച്ചത് | ₹370140/- |

പാലിയേറ്റീവ് കെയറിനായി വാഹനം വാടകയ്ക്ക് എടുക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീമതി. മാരിയമ്മാൾ എന്ന വ്യക്തിയെ ക്വട്ടേഷൻ മുഖാന്തിരം തെരഞ്ഞെടുത്തിട്ടുണ്ട്. വാഹന വാടക ഇനത്തിൽ ₹3,70,140/- നൽകിയിട്ടുണ്ട്.

ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194(സി) പ്രകാരം വെഹിക്കിൾ ഹയർ ചാർജ്ജസ് ഒരു ലക്ഷം രൂപയിൽ കവിയുന്ന സംഗതികളിൽ കരാറുകാരിൽ നിന്നും 1% നിരക്കിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്. ഇപ്രകാരം ആദായ നികുതി കുറവ് ചെയ്തതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.4/തീ.11.10.2023) ലഭ്യമാക്കിയ മറുപടി പ്രകാരം ഭാവിയിൽ സ്രോതസ്സിൽ

നിന്നും ആദായ നികുതി കുറവ് ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആദായ നികുതി അടച്ചതിന്റെ രേഖകൾ ഹാജരാക്കുകയോ/അല്ലാത്തപക്ഷം ഡ്രൈവറിൽ നിന്നും തുക തിരികെ ഈടാക്കി ആദായ നികുതി വകുപ്പിൽ ഒടുക്കുകയും ചെയ്യേണ്ടതാണ്.

1-22 പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിയ വയോജന കൂട്ടായ്മ

| | |
|---|---|
| പദ്ധതി നം.,/പേര് | 75/2023, പാലിയേറ്റീവ് കെയർ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., മറയൂർ |
| അടങ്കൽ | ₹1434800/- (വികസന ഫണ്ട്) |
| ചെലവ് | ₹1430112/- |
| വയോജന കൂട്ടായമയ്ക്കുള്ള ചെലവ് | ₹41412/- |

പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി വയോജന കൂട്ടായ്മ പ്രോഗ്രാം നടപ്പിലാക്കുന്നതിനായി ₹41,412/- ചെലവഴിച്ചിട്ടുണ്ട്. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ [സ.ഉ.(സാധാ)നം. 553/2019/തസ്വഭവ., തീയതി 07-03-2019]യിലോ, 14-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലോ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഇത്തരം ഒരു പദ്ധതി നടപ്പിലാക്കുന്നതിന് നിർദ്ദേശിക്കുന്നില്ല. മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഇനം ഉൾപ്പെടുത്തി നടപ്പാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 2/തീ. 11.10.2023) ലഭ്യമാക്കിയ മറുപടിയിൽ കേരള സർക്കാർ നിർദ്ദേശിച്ച പാലിയേറ്റീവ് നയത്തിന് അനുസൃതമായി പുറപ്പെടുവിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ നം. 553/2019, തീയതി 07-03-2019] ഖ. 2.4.6 പ്രകാരം രോഗികളുടെയും കുടുംബത്തിന്റെയും ഒത്തുചേരലുകൾ നടത്താവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഖ. 2.4.6 പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയിൽ കുടുംബാംഗങ്ങളുടെ ഒത്തുചേരൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ സംഘടിപ്പിക്കാവുന്നതാണെന്നും ഇങ്ങനെയുള്ള രോഗികൾക്കും കുടുംബാംഗങ്ങൾക്കും അവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരസ്പരം പങ്കുവയ്ക്കുവാനും ബുദ്ധിമുട്ടുകൾ തരണം ചെയ്യുവാൻ ആത്മവിശ്വാസം ലഭിക്കുവാനും ഉപകരിക്കണം. കൂടാതെ മാനസിക ഉല്ലാസത്തിന് ആവശ്യമായ കലാ-കായിക പരിപാടികൾ, നൈപുണ്യ പരിശീലനം തുടങ്ങിയവ സംഘടിപ്പിക്കാവുന്നതാണെന്നും ഇങ്ങനെയുള്ള പരിപാടികൾ 20 മുതൽ 30 രോഗികളെ വീതം പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്നതായിരിക്കും അഭികാമ്യമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ രോഗികളുടെയും കുടുംബത്തിന്റെയും ഒത്തുചേരലുകൾക്ക് പകരം വയോജന കൂട്ടായ്മയാണ് സംഘടിപ്പിച്ചത്. മാർഗ്ഗ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-23 മറയൂർ സി.എച്ച്.സി. ലാബ് അടിസ്ഥാന സൗകര്യം ഒരുക്കൽ - റീ-ഏജന്റ് കിറ്റ് ഷെൽഫ്

- അധികാരപരിധി വിട്ടുള്ള ചെലവ്

| | |
|---|---|
| പ്രോജക്റ്റ് നം. | 176/23 |
| നിർവ്വഹണം | അസി. എഞ്ചിനീയർ |
| അടങ്കൽ | ₹148027/- (ഹെൽത്ത് ഗ്രാന്റ്) |
| വൗച്ചർ നം./തുക | 22201007/തീ. 31.03.23 ₹136249/- |

1994ലെ കേരള പഞ്ചായത്ത് രാജ് അക്റ്റ് സെക്ഷൻ 166(1) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പൊതുവായ ചുമതലകളിൽ ആരോഗ്യമേഖലയിൽ പി.എച്ച്.സി.-കളുടെയും സബ്സെന്ററുകളുടെയും നടത്തിപ്പ് മാത്രമാണ് ഉൾപ്പെടുന്നത്. സെക്ഷൻ 172(1) പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽപ്പെട്ടതാണ് സി.എച്ച്.സി.-കൾ. അധികാരപരിധി വിട്ട് സി.എച്ച്.സി.-കളുടെ അടിസ്ഥാന സൗകര്യത്തിനായി ഗ്രാമപഞ്ചായത്ത് പദ്ധതി തയ്യാറാക്കി ഫണ്ട് ചെലവഴിച്ചിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 17/തീ. 13.10.2023ന് മറുപടി ലഭ്യമാക്കിയില്ല. അധികാരപരിധി വിട്ടുള്ള ₹1,36,249/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-24 നാച്ചിവയൽ കുടിവെള്ള പദ്ധതി - ജലനിധി മുഖേന ഗുണനിലവാരമില്ലാത്ത കുടിവെള്ളം വിതരണം നടത്തി

| | |
|---|---|
| പ്രോജക്റ്റ് നം. | 79/23 |
| നിർവ്വഹണം | അസി. എഞ്ചിനീയർ |
| അടങ്കൽ | ₹1490000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| വൗച്ചർ നം./തുക | XVFC/2022-23/P/16/തീ. 29.01.23 – ₹1463434/- |

ജലനിധിയിൽ ഉൾപ്പെടുത്തി 2013ൽ ആരംഭിച്ച നാച്ചിവയൽ കുടിവെള്ള പദ്ധതി നിലവിൽ പ്രവർത്തിക്കുന്നതാണ്. കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള ടാങ്കിന് സമീപത്തായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് ₹14,63,434/- ഉപയോഗിച്ച് പുതിയ ടാങ്ക് നിർമ്മാണം നടത്തിയിരിക്കുന്നു. പ്രവർത്തന സജ്ജമായ ടാങ്ക് ഉണ്ടായിരിക്കെ പുതിയ ടാങ്ക് നിർമ്മിക്കാനുണ്ടായ സാഹചര്യം, സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം. 18/13.10.2023-നുള്ള മറുപടിയിൽ കന്നിയാർ പുഴയിൽ നിന്ന് ഒഴുകി വരുന്ന വെള്ളം പൂർണ്ണമായി ഫിൽട്ടർ ചെയ്യാത്തതിനാൽ ആധുനിക ഫിൽട്ടർ ടാങ്ക് സ്ഥാപിച്ച് ജലവിതരണം നടത്തുന്നതിനാണ് പുതിയ ടാങ്ക് പണിതത് എന്ന് അറിയിച്ചു. ജലനിധി മുഖേന ഇതുവരെ കുടിവെള്ളമായി വിതരണം നടത്തിയിരുന്നത് ശരിയായ രീതിയിൽ ഫിൽട്ടർ ചെയ്യാത്ത വെള്ളമാണ് എന്നും കുടിക്കാൻ യോഗ്യമല്ല എന്നും ഇതിൽ നിന്നും വ്യക്തമാണ്. ജലനിധി മുഖേന നടപ്പാക്കിയ പദ്ധതികളുടെ ജലത്തിന്റെ

ഗുണനിലവാര പരിശോധന നടത്തേണ്ടതാണ്. ആസ്തി സംബന്ധിച്ച് യാതൊരു രേഖയും പരിശോധനക്ക് ലഭ്യമാക്കിയില്ല. മാത്രമല്ല ഫിൽട്ടർ ടാങ്ക് നിർമ്മിക്കുന്നതിനുള്ള പദ്ധതി സംബന്ധിച്ച് മറുപടിയിൽ ഒന്നും തന്നെ സൂചിപ്പിച്ചിട്ടില്ല. ഫിൽട്ടർ ടാങ്ക് സ്ഥാപിച്ചതും, ജനങ്ങൾക്ക് ഗുണനിലവാരമുള്ള ജലമാണ് നൽകുന്നത് എന്നും സംബന്ധിച്ച വിവരങ്ങൾ, സ്ഥലത്തിന്റെ ഉടമസ്ഥത പഞ്ചായത്തിൽ ലഭിച്ചതിന്റെ രേഖകൾ ഇവ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-25 PMAY ഭവന പദ്ധതികൾക്ക് വിഹിതം നൽകൽ - തുക വിനിയോഗ വിവരം അറിയിക്കേണ്ടതാണ്

മറയൂർ ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി PMAY ഭവന പദ്ധതിക്കായി ഗ്രാമപഞ്ചായത്തിന്റെ വിഹിതം ദേവികുളം ബ്ലോക്ക് പഞ്ചായത്തിലേക്ക് നൽകുന്നതിനായി 3 പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നമ്പർ/പേര് | അടങ്കൽ തുക ₹ | ചെലവ് തുക ₹ |
|---|---|---|---|
| 1 | 212/2023, ആവാസ് യോജന PMAY പദ്ധതിയ്ക്ക് വിഹിതം നൽകൽ (എസ്.സി.പി.) | 1750000/- 750000 (വികസന ഫണ്ട് - എസ്.സി.പി.)+ 1000000 (ബ്ലോക്ക് വിഹിതം) | 260000 |
| 2 | 214/2023, ആവാസ് യോജന PMAY പദ്ധതിയ്ക്ക് വിഹിതം നൽകൽ (ടി.എസ്.പി.) | 1700000/- 700000 (വികസന ഫണ്ട്- ടി.എസ്.പി) + 1000000 (ബ്ലോക്ക് വിഹിതം) | 360000 |
| 3 | 211/2023, ആവാസ് യോജന PMAY പദ്ധതിയ്ക്ക് വിഹിതം നൽകൽ (ജനറൽ) | 1750000/- 750000 (വികസന ഫണ്ട്- ജനറൽ) + 1000000 (ബ്ലോക്ക് വിഹിതം) | 574000 |
| ആകെ | | | 1194000 |

പ്രസ്തുത പദ്ധതികളുടെ ഭാഗമായി ആകെ ₹11,94,000/- ദേവികുളം ബ്ലോക്ക് പഞ്ചായത്തിലേക്ക് കൈമാറിയിട്ടുണ്ടെങ്കിലും പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (നം. 05/തീ. 11.10.2023). തുക

വിനിയോഗിച്ച് സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-26 വീട് വാസയോഗ്യമാക്കൽ പദ്ധതികളിലൂടെ അനർഹർക്ക് ആനുകൂല്യം നൽകി - നഷ്ടം ₹1,50,000/-

| | |
|---|---|
| പ്രോജക്ട് നം./പേര് | 243/2023, വീട് വാസയോഗ്യമാക്കൽ |
| അടങ്കൽ തുക/ഫണ്ടിനം | ₹18,00,000/- വികസന ഫണ്ട് - ജനറൽ |
| ചെലവ് തുക/ഫണ്ടിനം | ₹7,50,000/- വികസന ഫണ്ട് - ജനറൽ |

പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/തസ്വഭവ./തീ. 28.05.2022 ഖണ്ഡിക 6.7-യിൽ 4-2 പ്രകാരം പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ഈ ധനസഹായത്തിന് അർഹതയുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത അർഹത മാനദണ്ഡം പരിഗണിക്കാതെ തൻവർഷം മൂന്ന് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) ശ്രീമതി. സുജിത എന്ന ഗുണഭോക്താവിന്റെ 12/200/1 നമ്പർ ഭവനത്തിന്റെ പുനരുദ്ധാരണത്തിനായി ₹50,000/- നൽകിയിട്ടുണ്ട്. മറയൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 07.02.2023-ലെ 5057801/114/2023 പ്രകാരം ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് മാത്രമാണ് നൽകിയിട്ടുള്ളത്. കാലപ്പഴക്കം നിശ്ചയിക്കുന്ന സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വാസഗൃഹത്തിന്റെ വിവരം സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള ഫോറം 6, സഞ്ചയ സിറ്റിസൺ പോർട്ടൽ വഴിയുള്ള ബിൽഡിംഗ് ഏജ് സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ചതിൽ കെട്ടിടം നിലവിൽ വന്നത് 2018 ആദ്യ അർദ്ധ വർഷത്തിലാണെന്നും കോൺക്രീറ്റ് മേൽക്കൂരയുള്ളതും 40 ച. മീ. വലുപ്പമുള്ളതുമാണെന്നും കാലപ്പഴക്കം 5 വർഷമാണെന്നും ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്/ബാങ്ക്അക്കൗണ്ട്/ IFSC നം. | ബിൽ റഫറൻസ് നം./ തീയതി | കൈപ്പറ്റിയ തുക ₹ |
|---|---|---|
| ശ്രീമതി. സുജിത<br>38986967292,<br>State Bank Of India (SBIN0008644 ) | 22100352008701463464<br>തീ. 24/03/2023 | 50000 |

അനർഹമായി ആനുകൂല്യം നൽകിയ ₹50,000/- ഗുണഭോക്താവിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ബി) ശ്രീമതി. രജനി ജോൺ വികൂർ എന്ന ഗുണഭോക്താവിന്റെ 9/527/1 നമ്പർ ഭവനത്തിന്റെ പുനരുദ്ധാരണത്തിനായി ₹50,000/- നൽകിയിട്ടുണ്ട്. സെക്രട്ടറിയുടെ 01.03.2023ലെ 5057801/167/2023

പ്രകാരം ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. പ്രസ്തുത വാസഗൃഹത്തിന്റെ വിവരം സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള ഫോറം 6, സഞ്ചയ സിറ്റിസൺ പോർട്ടൽ വഴിയുള്ള ബിൽഡിംഗ് ഏജ് സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ചതിൽ കെട്ടിടം നിലവിൽ വന്നത് 2017 ആദ്യ അർദ്ധ വർഷത്തിലാണെന്നും കാലപ്പഴക്കം 6 വർഷമാണെന്നും ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്/ബാങ്ക്അക്കൗണ്ട്/ IFSC നം. | ബിൽ റഫറൻസ് നം./ തീയതി | കൈപ്പറ്റിയ തുക ₹ |
|---|---|---|
| ശ്രീമതി. രജനി ജോൺ വിക്ടർ 120541200422818, District Co-operative Bank (UTIBOSIDB99 ) | 22100352008701524838 തീ. 28/03/2023 | 50000 |

അനർഹമായി ആനുകൂല്യം നൽകിയ ₹50,000/- ഗുണഭോക്താവിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സി) ശ്രീമതി. ഭാഗ്യലക്ഷ്മി എന്ന ഗുണഭോക്താവിന്റെ 7/367/1 നമ്പർ ഭവനത്തിന്റെ പുനരുദ്ധാരണത്തിനായി ₹50,000/- നൽകിയിട്ടുണ്ട്. സെക്രട്ടറിയുടെ 28.01.2023ലെ 5057801/68/2023 പ്രകാരം ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റും 03.02.2023ലെ 5057801/69/2023 പ്രകാരം 10 വർഷം കാലപ്പഴക്കം ഉള്ളതായി സാക്ഷ്യപ്പെടുത്തി നൽകിയിട്ടുമുണ്ട്. പ്രസ്തുത വാസഗൃഹത്തിന്റെ വിവരം സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള ഫോറം 6, സഞ്ചയ സിറ്റിസൺ പോർട്ടൽ വഴിയുള്ള ബിൽഡിംഗ് ഏജ് സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ചതിൽ കെട്ടിടം നിലവിൽ വന്നത് 2017 ആദ്യ അർദ്ധ വർഷത്തിലാണെന്നും കാലപ്പഴക്കം 6 വർഷമാണെന്നും ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്/ബാങ്ക്അക്കൗണ്ട്/ IFSC നം. | ബിൽ റഫറൻസ് നം./ തീയതി | കൈപ്പറ്റിയ തുക ₹ |
|---|---|---|
| ശ്രീമതി. ഭാഗ്യലക്ഷ്മി 67218651290, State Bank Of India (SBIN0008644) | 22100352008701524838 തീ. 28/03/2023 | 50000 |

അനർഹമായി ആനുകൂല്യം നൽകിയ ₹50,000/- ഗുണഭോക്താവിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് 8 വർഷം കാലപ്പഴക്കം എന്ന അർഹത

മാനദണ്ഡം പരിഗണിക്കാതെ ആനുകൂല്യം നല്കിയത് സാധൂകരിക്കുന്നതിന് രേഖകൾ സഹിതമുള്ള മറുപടി ലഭ്യമാക്കിയില്ല (നം.6/തീ. 11.10.2023). ആയതിനാൽ ചെലവഴിച്ച ₹1,50,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അനർഹർക്ക് നൽകിയ ആനുകൂല്യം ₹1,50,000/- തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-27 ലൈഫ് ഭവന പദ്ധതി - സർക്കാർ നിശ്ചയിച്ച പരിധിയിലധികമായി തുക നൽകി - 1 ലക്ഷം രൂപ തിരികെ ഈടാക്കേണ്ടതാണ്

വി.ഇ.ഒ. നടപ്പാക്കിയ ലൈഫ് ഭവന പദ്ധതി സംബന്ധിച്ച ഫയലുകൾ, വെബ് സാംഖ്യയിൽ ലഭ്യമായ ബിൽ വിവരങ്ങൾ, ഗുണഭോക്താക്കളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ അടിസ്ഥാനപ്പെടുത്തി പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താവിന് സർക്കാർ നിശ്ചയിച്ച പരിധിയിലധികമായി തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗുണഭോക്താവിന്റെ വിവരം

| | |
|---|---|
| പേര്, മേൽ വിലാസം | Murukan,<br>214/Periyakudy, Marayoor, 685620 |
| ബെനഫിഷറി ഐ.ഡി. | 926939 |
| റേഷൻ കാർഡ് നം. | 1629043801 |
| ബാങ്ക് അക്കൗണ്ട് നം, | Kerala Bank, Marayoor<br>(IDUK0000054), 120541200420650 |

തുക കൈമാറിയതിന്റെ വിശദാംശങ്ങൾ

| ക്രമ നം. | ബിൽ റഫറൻസ് നം | തീയതി | തുക (₹) | അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തീയതി |
|---|---|---|---|---|
| 1 | 5057800901210014 | 31/08/2021 | 90000 | 02/09/2021 |
| 2 | 5057800901210032 | 09/12/2021 | 110000 | 18/12/2021 |
| 3 | 5057800901220004 | 06/07/2022 | 120000 | 16/05/2022 |
| 4 | 5057800901220024 | 26/08/2022 | 100000 | 03/09/2022 |
| 5 | 5057800901220029 | 19/10/2022 | 100000 | 02/11/2022 |
| 6 | 5057800901220084 | 22/03/2023 | 100000 | 05/04/2023 |

| | | | | |
|---|---|---|---|---|
| 7 | 5057800901230018 | 22/08/2023 | 80000 | 22/08/2023 |
| ആകെ | | | 700000 | |

എസ്.ടി. വിഭാഗം ഗുണഭോക്താവിന് സർക്കാർ നിശ്ചയിച്ച പരിധി 6 ലക്ഷം രൂപയാണെന്നിരിക്കെ ആകെ 7 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (നം.08/തീ. 12.10.2023). അധികം നൽകിയ ₹1,00,000/- ഗുണഭോക്താവിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-28 ലൈഫ് മിഷൻ ഭവന നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കളുടെ മേൽ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്

ലൈഫ് മിഷൻ പദ്ധതികളുടെ 2018-19 മുതൽ 2022-23 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ വെബ് സാംഖ്യയിൽ നിന്നുള്ള ബില്ലുകൾ, നിർവ്വഹണ ഉദ്യോഗസ്ഥൻ (വി.ഇ.ഒ.) സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷാവസാനത്തിൽ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത 6 പേർ അവശേഷിക്കുന്നതായി കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | ബിൽ റഫറൻസ് നം./ റിക്വിസിഷൻ നം./ ചെക്ക് നം./തീയതി | കൈപ്പറ്റിയ തുക ₹ |
|---|---|---|---|
| 1 | അനുഷ രവി | 5057800901210012, തീ. 04.08.2021 | 90000 |
| 2 | ലക്ഷ്മി | 5057800901210018/ തീ. 18.09.2021 | 90000 |
| 3 | മഹേശ്വരി | 5057800901210012, തീ. 04.08.2021 | 90000 |
| 4 | സരസ്വതി രവി | - | 40000 |
| 5 | തിലകാഭായ് | - | 40000 |
| 6 | മുനിയാണ്ടി | - | 40000 |
| | ആകെ | | 390000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (നം.22/തീ. 16.10.2023). ലൈഫ് മിഷൻ പാർപ്പിട സുരക്ഷ പദ്ധതി (ജനറൽ, എസ്.സി.പി & ടി.എസ്.പി) പ്രകാരമുള്ള

ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാറിലെ ഖണ്ഡിക 4 പ്രകാരം 6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തിയാക്കുന്നതാണെന്നും ഖണ്ഡിക 7 പ്രകാരം സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവൃത്തി പൂർത്തിയാക്കുമെന്നും അല്ലാത്തപക്ഷം കൈപ്പറ്റിയ തുക 12% പലിശ സഹിതം തിരികെ നൽകാൻ ബാധ്യസ്ഥരാണെന്നും സമ്മതിച്ചിട്ടുണ്ട്. ഭവന നിർമ്മാണം ആരംഭിക്കാത്ത/പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനോ, പൂർത്തിയാക്കാത്തപക്ഷം തുക തിരികെ ഈടാക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നിലവിൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-29 മെറ്റീരിയൽ പ്രവൃത്തികളുടെ കരാറുകാരുടെ ബില്ലുകളിന്മേൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി., ടി.ഡി.എസ്. - കുറവ് ചെയ്തിട്ടില്ല

2022-23 വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ 5 മെറ്റീരിയിൽ പ്രവൃത്തികളിലായി കരാറുകാർക്ക് ബിൽ തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട 2% നിരക്കിൽ GST TDS കുറവ് ചെയ്തിട്ടില്ല. 2017ലെ സി.ജി.എസ്.ടി. ആക്ട് വകുപ്പ് 51(1), 2017ലെ എസ്.ജി.എസ്.ടി. ആക്ട് സെക്ഷൻ 51(1) എന്നിവ പ്രകാരം 2022-23ൽ അനുവദിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | FTO No. | നൽകിയ തുക ₹ | കരാറുകാരുടെ പേര് |
|---|---|---|---|---|
| 1 | നാച്ചിവയൽ റോഡ് കോൺക്രീറ്റിംഗ് | 16263 | 367133 | ശ്രീ. തങ്കയ്യ |
| 2 | ജവഹർ നഗർ റോഡ് കോൺക്രീറ്റിംഗ് റീച്ച് 1 | 16264 | 367233 | ശ്രീ. തങ്കയ്യ |
| 3 | ജവഹർ നഗർ സീറോ ലാന്റ് റോഡ് കോൺക്രീറ്റിംഗ് റീച്ച് 3 | 16556 | 415118 | ശ്രീ. ആരോഗ്യസ്വാമി |
| 4 | ഇരുട്ടലക്കുടി റോഡ് കോൺക്രീറ്റിംഗ് റീച്ച് 2, ബബുനഗർ, പുതച്ചിവയൽ, ജവഹർ നഗർ, പതികാട് എം.സി.എഫ്. | 16559 | 643592 | ശ്രീ. രമേഷ് |
| 5 | ജവഹർ നഗർ സീറോ ലാന്റ് റോഡ് കോൺക്രീറ്റിംഗ് റീച്ച് 1 | 16443 | 398675 | ശ്രീ. ആരോഗ്യസ്വാമി |

കരാറുകാർക്ക് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട 2% നിരക്കിൽ GST TDS നടത്താതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 7/തീ. 12.10.2023) ജി.എസ്.ടി. ഗ്രാമപഞ്ചായത്തിൽ അടവാക്കാൻ കരാറുകാർക്ക് നിർദ്ദേശം നൽകുന്നതാണെന്നും സ്രോതസ്സിൽ നിന്നും ഈടാക്കുന്നതിന് (TDS) (MIS) സോഫ്റ്റ്‌വെയറിൽ

സംവിധാനമില്ലാത്തതിനാലാണ് ഈടാക്കാതിരുന്നതെന്നും വാക്കാൽ അറിയിച്ചിട്ടുണ്ട്. ഭാവിയിൽ കരാറുകാർക്ക് ബിൽ തുക അനുവദിക്കുമ്പോൾ നിയമാനുസൃതം ഈടാക്കേണ്ട 2% നിരക്കിൽ GST TDS നടത്തുന്നതിൽ ശ്രദ്ധിക്കേണ്ടതും പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-30 എസ്.എസ്.എ. പഞ്ചായത്ത് വിഹിതം - വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി എസ്.എസ്.എ. വിഹിതം നൽകുന്നതിനായി 3 പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പേര് | അടങ്കൽ/ഫണ്ടിനം | ചെലവ് ₹ | ബിൽ നം./ തീയതി/തുക ₹ |
|---|---|---|---|---|---|
| 1 | 20/23 | എസ്.എസ്.എ. വിഹിതം (സമഗ്ര ശിക്ഷ കേരള) | ₹500000/- ധനകാര്യ കമ്മീഷൻ അവാർഡ് | 500000 | 5057807201220009 തീ. 16/08/2022 |
| 2 | 115/23 | എസ്.എസ്.എ. എസ്.സി.പി. വിഹിതം നൽകൽ | ₹400000/- വികസന ഫണ്ട് - എസ്.സി.പി | 400000 | 22100352013700422147 തീ. 16/08/2022 |
| 3 | 118/23 | എസ്.എസ്.എ. വിഹിതം നൽകൽ – ടി.എസ്.പി. | ₹200000/- വികസന ഫണ്ട് - ടി.എസ്.പി. | 200000 | 22100352013700422148 തീ. 16/08/2022 |
| | | | ആകെ | 1100000 | |

തുക SAMAGRA SIKSHA KERALA-യുടെ CNRB0004666-110008129731 അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ കൈപ്പറ്റ് രസീത്, ഫണ്ട് വകയിരുത്തിയ വിവരം, തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം എന്നിവ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (നം.15/തീ. 13.10.2023). പ്രസ്തുത രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-31 ഡെപ്പോസിറ്റ് പ്രവൃത്തി - പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം./പേര് | 222/23 - കെ.എസ്.ഇ.ബി. - സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ ഡെപ്പോസിറ്റ് |
| അടങ്കൽ | ₹225144/- (വികസന ഫണ്ട് - ജനറൽ) |
| ചെലവ് | ₹225144/- |
| ബിൽ നമ്പർ,/തീയതി/തുക | 22100352013701172197, തീ. 10.02.2023 |

മറയൂർ ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ ഇലക്ട്രിസിറ്റി ലൈൻ വലിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് ആവിഷ്കരിച്ച് വൈദ്യുതി ബോർഡിൽ (Kerala State Electricity Board Ltd. SBIN0008644 - 57065107152) തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

ഡെപ്പോസിറ്റ് പ്രവൃത്തിയുടെ പൂർത്തീകരണ വിവരം, തുക വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (നം. 16/13.10.2023).

പ്രസ്തുത വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് വിധേയമായി ചെലവ് തുകയായ ₹2,25,144/- തടസ്സപ്പെടുത്തുന്നു.

1-32 ഐ.കെ.എം. വിഹിതം നൽകൽ - അപാകത

| | |
|---|---|
| പ്രോജക്ട് നം./പേര് | 23/2023, ഐ.കെ.എം. വിഹിതം |
| അടങ്കൽ തുക/ഫണ്ടിനം | ₹1,84,000/- (ധനകാര്യ കമ്മിഷൻ അവാർഡ്) |
| ചെലവ് തുക | ₹183983/- |
| ബിൽ നം./തീയതി | 5057807201220012, തീ. 17/08/2022 - ₹150000/-<br>5057807201220065, തീ. 30/03/2023 - ₹33983/- |

ജി.ഒ.(ആർ.ടി.)നം. 1228/2016/തസ്വഭവ./തീയതി. 08.03.2016 പ്രകാരം ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും അവയ്ക്ക് ലഭിക്കുന്ന പ്ലാൻ ഫണ്ടിന്റെ 0.25%വും ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും പ്ലാൻ ഫണ്ടിന്റെ 0.1%വും നിർബന്ധമായും ഐ.കെ.എം.-ന്റെ പ്രവർത്തനത്തിന് വേണ്ടി മാറ്റി വെയ്ക്കേണ്ടതാണെന്ന് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഐ.കെ.എം.-ന്റെ 09.03.2023ലെ 762/എ7/ഐ.കെ.എം./2023 കത്ത് പ്രകാരം മറയൂർ ഗ്രാമപഞ്ചായത്തിൽ നിന്ന് 2022-23 വർഷത്തെ പ്രവർത്തന ഫണ്ടായി ₹1,83,983/- ഡിമാന്റ് ചെയ്തിട്ടുണ്ട്. മറയൂർ ഗ്രാമപഞ്ചായത്തിൽ ഐ.കെ.എം.-ന്റെ 2022-23ലെ പ്രവർത്തന ഫണ്ട് നൽകുന്നതിനായി സെക്രട്ടറി നിർവ്വഹണ

ഉദ്യോഗസ്ഥനായി പ്രോജക്ട് ആവിഷ്കരിക്കുകയും ₹1,83,983/- നല്കുകയും ചെയ്തിട്ടുണ്ട്.

2022-23ൽ വികസന ഫണ്ട് ലഭിച്ചതിന്റെ വിവരം

| ഫണ്ട് ഇനം | തുക (₹) |
|---|---|
| വികസന ഫണ്ട് - ജനറൽ | 3747200 |
| വികസന ഫണ്ട് - എസ്.സി.പി | 10508000 |
| വികസന ഫണ്ട് - ടി.എസ്.പി | 12800000 |
| ആകെ | 27055200 |

ഇതിന്റെ 0.25% എന്നത് ₹67,638/-യാണ്. സർക്കാർ നിശ്ചയിച്ച തുകയിലും അധികമായി ₹1,83,983/- നല്കിയിട്ടുണ്ട്. സർക്കാർ നിർദ്ദേശിച്ച നിരക്കിലും അധികമായി തുക ഡിമാന്റ് ചെയ്യപ്പെടുകയും, അടവാക്കുകയും ചെയ്ത നടപടികൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (നം. 21/തീ. 13.10.2023). അധികമായി നൽകിയ ₹1,16,345/- തിരികെ ഈടാക്കി വിശദാംശങ്ങൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-33 മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം./പേര് | 25/2022,<br>മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ |
| അടങ്കൽ തുക/ഫണ്ടിനം | ₹1000000/-<br>ധനകാര്യ കമ്മിഷൻ അവാർഡ് |
| ചെലവ് തുക/ഫണ്ടിനം | ₹1000000/- |
| ബിൽ റിക്വ. നം./തിയതി | 5057807201220028/തീ. 06.12.2022 |

2022-23 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച് നടപ്പാക്കിയ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതിയ്ക്കായി KEL (കേരള ഇലക്ട്രിക്കൽ ആന്റ് അലീഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ്) മുഖേന ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ

1. അക്രെഡിറ്റഡ് ഏജൻസികളെ പ്രവൃത്തികൾ ഏൽപ്പിക്കുന്നതിന് സ.ഉ.(പി)നം.67/2021/ധന./തീയതി. 28.04.2021 പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ പി.എം.സി. അക്രെഡിറ്റഡ് ഏജൻസികളെ ബിഡ്ഡിംഗിലൂടെ തിരഞ്ഞെടുക്കേണ്ടതും പി.എം.സി.-കൾക്ക് അവർ ഏറ്റെടുക്കുന്ന പ്രവൃത്തികൾ നേരിട്ട് നിർവ്വഹിക്കുവാൻ സാധിക്കുകയില്ലെന്നും പ്രവൃത്തി ഏറ്റെടുക്കുന്ന പി.എം.സി.,

ആയതിന്റെ നിർവ്വഹണത്തിനായി ടെണ്ടർ നടപടികളിലൂടെ കരാറുകാരെ തെരഞ്ഞെടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ നിർദ്ദേശം പാലിക്കാതെയാണ് KEL-നെ തിരഞ്ഞെടുത്തിട്ടുള്ളത്.

2. ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടേയും, പൊതുവായ സിവിൽ നിർമ്മാണ പ്രവൃത്തികളുടേയും പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി (PMC) മാത്രം പ്രവർത്തിക്കുവാൻ അനുമതിയുള്ള KEL-ന് വർക്ക് ഓർഡർ നൽകി സാധന സേവന സമാഹരണം നടത്തിയത് 03.08.2018ലെ സ.ഉ(അ)118/2018/ധന., തീ. 04.07.2019-ലെ സ.ഉ(അ)നം.77/2019/ധന., തീ. 02.09.2022-ലെ സ.ഉ(പി)നം.104/2022/ധന. ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

3. തദ്ദേശ സ്വയംഭരണ വകുപ്പിനുള്ള ധനകാര്യ ഇൻസ്പെക്ഷൻ ടെക്നിക്കൽ വിഭാഗത്തിന്റെ 18.03.2020ലെ InspTech-1/56/2019/ധന. നോട്ട് പ്രകാരം അക്രെഡിറ്റഡ് ഏജൻസികൾ PRICE സോഫ്റ്റ്‌വെയർ മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

4. പ്രവൃത്തി ചെയ്തതിന്റെ മോണിട്ടറിംഗ്, വാല്യുവേഷൻ/ചെക്ക് മെഷർമെന്റ് എന്നിവ ഉചിതമായ അധികാര സ്ഥാപനം ചെയ്യാതെ തുക നൽകിയിരിക്കുന്നു.

തുടർ വർഷങ്ങളിൽ മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-34 തുമ്പൂർമൂഴി മോഡൽ മാലിന്യ സംസ്കരണ യൂണിറ്റിന്റെ കവാടം നിർമ്മാണം - പ്രോജക്ടിന് രൂപം നല്കാതെ സെക്രട്ടറി നേരിട്ട് പ്രവൃത്തി നിർവഹിച്ചിരിക്കുന്നു

തുമ്പൂർമൂഴി മോഡൽ മാലിന്യ സംസ്കരണ യൂണിറ്റിന്റെ കവാടം നിർമ്മാണത്തിന് ക്വട്ടേഷൻ പ്രകാരം SRM എഞ്ചിനീയറിങ് എന്ന സ്ഥാപനത്തിന് താഴെ വിശദീകരിച്ചിട്ടുള്ളത് പ്രകാരം പഞ്ചായത്തിന്റെ തനത് ഫണ്ടിൽനിന്നും തുക നല്കിയിരിക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | തീയതി | ഇനം | നല്കിയ തുക (₹) |
|---|---|---|---|---|
| 1 | 2200513 | 16.11.22 | ഗേറ്റ് നിർമ്മിച്ചതിന് | 23720 |
| 2 | 2200514 | 16.11.22 | ബോർഡ് എഴുതിയത് | 4640 |
| 3 | 2200515 | 16.11.22 | പണിക്കൂലി | 13500 |
| 4 | 2200516 | 16.11.22 | വേലി, കോൺക്രീറ്റിങ്, പെയിന്റിങ് | 10650 |
| | | | ആകെ | 52510 |

ഇപ്രകാരം ഒരു പദ്ധതിക്ക് രൂപം നല്കി അംഗീകാരം വാങ്ങാതെ തുക ചെലവഴിച്ചിട്ടുള്ളത്

ക്രമവിരുദ്ധമാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം. 19/തീ.13.10.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ആകെ ചെലവ് തുകയായ ₹52,510/- തടസ്സപ്പെടുത്തുന്നു.

1-35 ഹരിത കർമ്മ സേനയെ സംരംഭക ഗ്രൂപ്പായി ഉയർത്തുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് നിയമം 166(1) വകുപ്പ്, മൂന്നാം പട്ടിക പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയൊഴിയുകയും ചെയ്യുക, ദ്രവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. സ.ഉ(ആർ.ടി)നം.1496/2020/തസ്വഭവ., തീ. 12.08.2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യേകമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ.(ആർ.ടി.)880/2021/ തസ്വഭവ./തീ. 16.04.2021, സ.ഉ.(ആർ.ടി.)949/2021/തസ്വഭവ./തീ. 05.05.2021 എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർവ്വഹിക്കുന്നതിൽ സ്ഥാപനത്തിന് വീഴ്ച സംഭവിച്ചു. സേനയെ ക്രിയാത്മക ശക്തിയായി വളർത്തുന്നതിന് നിലവിലും പഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. സ്ത്രീകൾക്കായുള്ള പകൽ വീടിനോട് ചേർന്ന് നിർമ്മിച്ചിരിക്കുന്ന പഴയ കെട്ടിടം നിലവിൽ എം. സി. എഫ്. ആയി പ്രവർത്തിക്കുന്നു. എന്നാൽ ആയതിന് സ്ഥല പരിമിതി നേരിടുന്നതിനാൽ സമീപസ്ഥലങ്ങളിലായി മാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്നു. പകൽ വീടിനോട് ചേർന്ന് മാലിന്യം കൂട്ടിയിട്ടിരിക്കുന്നത് ഒട്ടും സുരക്ഷിതമായ രീതിയല്ല. സാംക്രമിക രോഗങ്ങൾ പടർന്ന് പിടിക്കാനുള്ളസാധ്യത തള്ളിക്കളയാവുന്നതല്ല.

സ്ഥാപനത്തിൽ അജൈവ മാലിന്യ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹരിത കർമ്മസേന അംഗങ്ങൾ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി മുഖേനയാണ് നീക്കം ചെയ്യുന്നത്. എന്നാൽ ഇത് ഒട്ടും ഫലപ്രദമല്ല എന്ന് നേരിട്ട് നടത്തിയ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. സ.ഉ.(സാധാ)നം.2420/2017/തീ. 15.07.2017 പ്രകാരം സ്ഥാപനത്തിൽ അജൈവ മാലിന്യ പദ്ധതി നടപ്പിലാക്കുന്നതിനോടൊപ്പം ഹരിത കർമ്മസേനയെ ശക്തിപ്പെടുത്താനും അവരുടെ തൊഴിൽ സാധ്യതകൾ ഉറപ്പ് വരുത്തുന്നതിനും അധിക വരുമാന സാധ്യതകൾ കണ്ടെത്താനുള്ള പ്രവർത്തനങ്ങൾക്ക് തദ്ദേശ സ്ഥാപനങ്ങൾ നടപടികൾ എടുക്കേണ്ടതിനെക്കുറിച്ച് കൃത്യമായി പ്രതിപാദിക്കുന്നുണ്ട്. ഹരിത കർമ്മസേനക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കൊടുക്കുന്നതിലും, അവരെ പ്രവർത്തനക്ഷമമാക്കുന്നതിലും, പരിശീലനം നൽകുന്നതിനും നിർവ്വഹണ

ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും പഞ്ചായത്ത് അധികൃതരുടെ ഭാഗത്ത് നിന്നും നേതൃത്വപരമായ പ്രവർത്തനം ഉണ്ടാകുന്നില്ല. ഹരിത കർമ്മസേനയെ ആദായകരമായ സംരംഭമാക്കി മാറ്റുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളോ, അധിക വരുമാന സാധ്യതകൾ കണ്ടെത്താനുള്ള പ്രവർത്തനങ്ങളോ സ്ഥാപനത്തിൽ നടക്കുന്നില്ല.

ആകെ 13 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ 30 ഹരിത കർമ്മ സേനാംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വീടുകളിൽ കയറി ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ വേർതിരിക്കാതെ എം.സി.എഫ്.-ൽ സൂക്ഷിച്ചിരിക്കുന്നു. ക്ലീൻ കേരള മിഷനുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിരിക്കുന്നുവെങ്കിലും നീക്കം ചെയ്യൽ ആരംഭിച്ചിട്ടില്ല. വീടുകളിൽ നിന്നും, വാണിജ്യ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള മറ്റ് സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങളുടെ യൂസർ ഫീ മുഴുവനായും ഹരിത കർമ്മസേനയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് സേനാംഗങ്ങൾക്കുള്ള ശമ്പളം ഇതിൽ നിന്ന് നൽകുന്നു. യുസർ ഫീ എല്ലാ വീടുകൾ/സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്നില്ല എന്നാണ് ഹരിത കർമ്മ സേനയുടെ ലീഡർ അറിയിച്ചത്. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുമായി സഹകരിക്കാത്തവർക്ക എതിരെ തദ്ദേശ ഭരണ സ്ഥാപനം കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹരിത കർമ്മസേനയുടെ ക്രിയാത്മക പ്രവർത്തനങ്ങൾ കണക്കിലെടുത്ത് ഹരിത കർമ്മസേന മൈക്രോ സംരംഭ ഗ്രൂപ്പുകൾ, ഹരിത കർമ്മസേന കൺസോർഷ്യം എന്നീ ഘടകങ്ങളായി തരം തിരിക്കാൻ 23.04.2018ലെ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10394-D-2017/KSHO നമ്പർ ഉത്തരവ് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. സേനയ്ക്ക് വരുമാനം ലഭിക്കുന്നതിന് പ്രധാനമായും താഴെ പറയുന്ന പ്രകാരമുള്ള പ്രവർത്തനങ്ങളിൽ നിന്നാണ്.

- വീടുകളിൽ/സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ഹരിത കർമ്മസേനയ്ക്ക് ലഭിക്കുന്ന യൂസർ ഫീ.
- ശേഖരിച്ച അജൈവ മാലിന്യങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി കരാറിലേർപ്പെടുന്ന സ്ഥാപനങ്ങൾക്ക് നൽകുന്നതിൽ നിന്ന് ലഭിക്കുന്ന വരവ്.
- ഹരിത ഉപകരണങ്ങളായ ബയോ കമ്പോസ്റ്റ്, കിച്ചൺ ബിൻ തുടങ്ങിയവയുടെ വില്പന, സർവീസ് നൽകൽ തുടങ്ങിയവയിലൂടെ ലഭിക്കുന്ന വരുമാനം.
- ഹരിത കർമ്മസേന കാർഷിക സേനയായി പ്രവർത്തിക്കുകവഴി വിത്തുകൾ, തൈകൾ, ഗ്രോ ബാഗുകൾ, ചാണകം, ജൈവവളം എന്നിവയുടെ വില്പനക്ക് പുറമെ മട്ടുപ്പാവ്, കൃഷി/ജൈവ കൃഷിക്കുള്ള സേവനങ്ങളിലൂടെ ലഭിക്കുന്ന വരുമാനം

അജൈവ മാലിന്യത്തിന്റെ ശേഖരണം മുതൽ തരം തിരിച്ച് വിപണനം നടത്തുന്നത് വരെയുള്ള

പ്രവർത്തന തലങ്ങളെ ഏകോപിപ്പിക്കുകയും ഹരിത സംരംഭകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിന് ഹരിത സേന കൺസോർഷ്യം രൂപീകരിക്കേണ്ടതുമാണ്. നിലവിൽ ഹരിത കർമ്മസേന കോ-ഓർഡിനേറ്റർ എന്ന പേരിൽ ഗ്രീൻ വേംസ് എന്ന സ്ഥാപനം നിയമിച്ച ഒരു പ്രതിനിധിയാണ് സേനയുടെ അക്കൗണ്ടുകൾ സൂക്ഷിച്ച് വരുന്നത്.

*ഹരിത കർമ്മസേനയെ ഒരു സംരംഭക ഗ്രൂപ്പായി ഉയർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് അവരുടെ സാമ്പത്തിക വികസനം സാധ്യമാക്കേണ്ടതും മാലിന്യ ശേഖരണത്തിലൂടെ അവർ സ്വരൂപിക്കുന്ന യൂസർ ഫീ മറ്റൊരു സ്ഥാപനത്തെ ഏല്പിക്കുന്നതിന് പകരം അവരുടെ സ്വന്തം അക്കൗണ്ടിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.*

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ലൈഫ് ഭവന പദ്ധതി - സർക്കാർ നിശ്ചയിച്ച പരിധിയിലധികമായി തുക നൽകി -1 ലക്ഷം രൂപ തിരികെ ഈടാക്കേണ്ടതാണ്

വി.ഇ.ഒ. നടപ്പാക്കിയ ലൈഫ് ഭവന പദ്ധതി പ്രകാരം ഒരു എസ്.ടി. ഗുണഭോക്താവിന് പരമാവധി നൽകാവുന്ന 6 ലക്ഷം രൂപയ്ക്ക് പകരം 7 ലക്ഷം രൂപ നൽകിയതിനാൽ ഒരു ലക്ഷം രൂപ അധികമായി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ഖണ്ഡിക 1-27ൽ നൽകിയിട്ടുണ്ട്. പ്രസ്തുത ഖണ്ഡിക 1-27 ഈ ഖണ്ഡികയുടെ ഭാഗമായിരിക്കും. നഷ്ടമായ ഒരു ലക്ഷം രൂപ ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 4-9ൽ പേര് പരാമർശിച്ചിരിക്കുന്ന ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്. ഇതിൽ 2022-23ൽ ചെലവഴിച്ച ₹20,000/- നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ദേവികുളം ബ്ലോക്ക് | 2022-23 | 50000 | ഭിന്നശേഷി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (131/23) | 50000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | 2022-23 | 1147387 | ഗോത്ര സാരഥി(138/23) | 1147387 | 0 |
| | 2022-23 | 120000 | പട്ടിക വർഗ്ഗ വനിത വിദ്യാർത്ഥി സ്കോളർഷിപ്പ് (247/23) | 120000 | 0 |
| | 2022-23 | 130000 | പട്ടിക വർഗ്ഗ വിദ്യാർത്ഥി സ്കോളർഷിപ്പ് (248/23) | 130000 | 0 |
| | 2022-23 | 410000 | പട്ടിക ജാതി വനിത വിദ്യാർത്ഥി സ്കോളർഷിപ്പ് (249/23) | 410000 | 0 |
| | 2022-23 | 500000 | പട്ടിക ജാതി വിദ്യാർത്ഥി സ്കോളർഷിപ്പ് (246/23) | 500000 | 0 |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2022-23 | 21100 | ഭിന്നശേഷി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും (131/23) | 21100 | 0 |
| | 2022-23 | 299958 | ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (59/22) | 299958 | 0 |
| | 2022-23 | 693444 | ഗോത്ര സാരഥി (138/23) | 693444 | 0 |
| | 2022-23 | 400000 | സുവർണ്ണഭവനം (230/23) | 400000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയും പ്രകാരം നിക്ഷേപ പ്രവൃത്തികൾക്കായി ₹2,25,144/- മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി., മറയൂർ | കെ.എസ്.ഇ.ബി. സ്ട്രീറ്റ് ലൈറ്റ് ദീർഘിപ്പിക്കൽ | 22100352013701172197 തീയതി. 10.02.20223 | 225144 | 225144 | (വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല) |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

-- ഇല്ല --

4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക₹ | തൻ വർഷ വായ്പ ₹ | തൻവർഷം തിരിച്ചടച്ച തുക₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ജവഹർ ഭവന വായ്പ | 68108/DB1/ 14/തസ്വഭവ. തീ. 21-01-2015 | | 2826270 | 0 | 2826270 | | 0 |
| ലൈഫ് മിഷൻ ഭവന വായ്പ | GO(MS)68/2018/ തസ്വഭവ. തീ. 18-05-2018 | | 112993459 | 72200000 | 15139632 | | 170053827 |

വായ്പ രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ ലോൺ വിശദാംശങ്ങൾ പരിശോധിച്ച് കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല. വാർഷിക കണക്ക് പ്രകാരമുള്ള കണക്കുകളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. വായ്പ അനുവദിച്ച ഉത്തരവ് നം./തീയതി വർഷാരംഭത്തിലുള്ള വായ്പ, തൻവർഷം ലഭിച്ച വായ്പ, തിരിച്ചടവ്, നീക്കിയിരിപ്പ് എന്നീ വിശദാംശങ്ങൾ ഉൾപ്പെടുത്തി ലോൺ രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

4-5 സ്ഥിര നിക്ഷേപം

-- ഇല്ല --

4-6 ഓഡിറ്റ് റിക്കവറി

- ഇല്ല --

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശംങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഓഡിറ്റ് വർഷം ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | സമാഹൃത റിപ്പോർട്ട് ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1 | 2006-07 | 2009-10 | 2-6 | പഞ്ചായത്ത് ഷോപ്പിംഗ് | തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| | 2.5 | | | കോംപ്ലക്സ് നഷ്ടം ₹58,260/- | |
| 2 | 2014-15<br>2.3 | 2016-17 | അനുബന്ധം-3 | വസ്തുനികുതി അപാകതകൾ | |

4-8 ചാർജ്/സർചാർജ് സർട്ടിഫിക്കറ്റിന്റെ വിവരം

(എ) ചാർജ് നടപടികളുടെ വിവരം

-- ഇല്ല --

(ബി) സർചാർജ് നടപടികളുടെ വിവരം

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്,തസ്തിക | സർട്ടിഫിക്കറ്റ് നം. | | സ്വയം അടവാക്കിയ തുക, രസീത് നം. തീയതി | റവന്യൂ റിക്കവറി നടപടി കളിലൂടെ ഈടാക്കിയ തുക ₹ | ഉൾ പ്പെട്ട തുക ₹ |
|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | |
| 1 | 1996-97 | 31,34, 36, 47(2) | വി. ആർ. കരുണാകരൻ സെക്രട്ടറി | LF/1989/ Spl. Cell/SC2/ 2000 Dt. 16-08-01 | 7349+ Interest For 6912 @18% | | | |
| 2 | 1998-99 | 36 | എ. വർഗ്ഗീസ് സെക്രട്ടറി | LF/16860/ Spl. Cell/SC2/02 Dt. 06-05-03 | 2500 | | | |
| 3 | 2000-01 | 27 | എ. വർഗ്ഗീസ് സെക്രട്ടറി | LF/8987/ Spl.Cell/ SC2/04 Dt. 30.04.05/ 01.06.05 | 923 | | | |
| 4 | 2002-03 | 3-6 | ഇ. കെ. രവി സെക്രട്ടറി | LF/10180/ Spl.Cell/ SC2/06 Dt.13.02.07/ 16.03.2007 | 1067 | | | |
| 5 | 2003-04 | 3-7 | കെ. ശശിധരൻ സെക്രട്ടറി | LF/19648/ Spl.Cell/ SC2/07 Dt.27.01.10 | 6922 | | | |
| 6 | 2005-06 | 3-4 (Part) | ജോയി തോമസ് അസി. എഞ്ചിനീയർ | LF/2112/ Spl.Cell/ SC2/09 Dt. 16-04-11 | 1189 | 2378/- Rt.No. 11305100701/ 31-10-13 | | |
| 7 | 2005-06 | 3-4 (Part) | കെ. മോഹൻബാബു എക്സിക്യൂട്ടീവ് എഞ്ചിനീയർ | LF/2112/ Spl.Cell/ SC2/09 Dt. 16-04-11 | 1189 | | | |
| 8 | 2009-10 | 3-11 | എസ്. രാജേന്ദ്രൻ അസി. | LF/8728/ Spl.Cell/ CSC/C1/ | 13914 | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 14(2) Dt 05-09-16 | | | | |
| 9 | 2009-10 | 3-6 & 3-7 (Part) | എസ്. കെ. ശ്രീനിവാസൻ നായർ സെക്രട്ടറി | LF/8728/ Spl.Cell/ CSC/C1/ 14(1) Dt 05-09-16 | 45192 | | | |
| 10 | 2011-12 | 3-1 | സി. ശശീന്ദ്രൻ സെക്രട്ടറി | KSA/7771/ Spl.Cell/ CSC/C1/ 2015 | 131044 | | | |
| 11 | 2011-12 | 3-2 | യേശുദാസ് എക്സ്. | KSA/7771/ Spl.Cell/ CSC/C1/ 2015 | 30680 | | | |

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹24753307 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹146708445 |
| ആകെ | ₹171461752 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹111479369 |
| നീക്കിയിരിപ്പ് | ₹59982383 |
| (കുറിപ്പ് – പഞ്ചായത്തിന്റെ 2022-23ലെ റെസിപ്റ്റ് & പേയ്മെന്റ് പത്രികയിലെ വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്) | |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹20000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹646927 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | 0 | 20000 | ശ്രീമതി. രമ്യ എ. സുകുമാരൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 41612 | ശ്രീ. തോമസ് പി. വി., സെക്രട്ടറി |
| 1-23 | 136249 | ശ്രീ. ബെനഡിക്റ്റ് വി.ജെ, അസി. എഞ്ചിനീയർ |
| 1-26 | 150000 | ശ്രീമതി. രമ്യ എം. സുകുമാരൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-31 | 225144 | ശ്രീ. വിനോദ്കുമാർ ഇ. ജി., സെക്രട്ടറി |
| 1-34 | 52510 | ശ്രീ വിനോദ്കുമാർ ഇ. ജി., സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല -

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായ വരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ബെനഡിക്റ്റ് വി.ജെ,<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ<br>രാമങ്കരി ഗ്രാമപഞ്ചായത്ത്<br>ആലപ്പുഴ | വടക്കൻ പറമ്പിൽ<br>പാതിരാപ്പള്ളി പി. ഒ.<br>ആലപ്പുഴ - 685541 |
| ശ്രീ. വിനോദ്കുമാർ. ഇ. ജി.,<br>സെക്രട്ടറി | സെക്രട്ടറി<br>വരാപ്പുഴ ഗ്രാമപഞ്ചായത്ത് | എളംപള്ളി വീട്,<br>സൗത്ത് ചിറ്റൂർ പി. ഒ.<br>മാതിരപ്പള്ളി റോഡ്<br>ചേരാനല്ലൂർ<br>എറണാകുളം - 682027 |
| ഡോ. ജിത്തു മാത്യു ജേക്കബ്<br>മെഡിക്കൽ ഓഫീസർ | ലഭ്യമല്ല | കൊച്ചുപറമ്പിൽ<br>കോതനല്ലൂർ പി. ഒ.<br>കോട്ടയം – 686603 |
| ശ്രീമതി. രമ്യ എ. സുകുമാരൻ<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വി.ഇ.ഒ.<br>ബൈസൺവാലി ഗ്രാമപഞ്ചായത്ത് | അറയ്ക്കൽ വീട്<br>ആനച്ചാൽ പി.ഒ. |

| | | |
|---|---|---|
| | ഇടുക്കി | ഇടുക്കി – 685565 |
| ശ്രീ. ബിജു പി. ബി.<br>വി.ഇ.ഒ. | വി.ഇ.ഒ.<br>മറയൂർ ഗ്രാമപഞ്ചായത്ത്<br>ഇടുക്കി | പാറച്ചാലിൽ<br>ഇളങ്ങവം<br>വാരപ്പെട്ടി പി.ഒ.<br>കോതമംഗലം<br>എറണാകുളം |

4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

താഴെ കൊടുത്തിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നു.

തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1996-97 | എൽ.എഫ്.ഐ.7-660/97<br>തീ. 24.02.98 | 4 | 31, 34, 36, 37 |
| 1998-99 | എൽ.എഫ്.ഐ.7-624/2000<br>തീ. 05.03.01 | 5 | 33, 35, 36, 37,38 |
| 2000-01 | എൽ.എഫ്.ഐ.9-691/02<br>തീ. 17.03.02 | 2 | 27, 28 |
| 2001-02 | എൽ.എഫ്.ഐ.9-627/03<br>തീ. 30.01.04 | 3 | 2-1, 2-3, 2-4 |
| 2002-03 | എൽ.എഫ്.ഐ.9-2/05<br>തീ. 01.03.05 | 3 | 3-6, 3-7, 3-9 |
| 2003-04 | എൽ.എഫ്.ഐ.9-912/09<br>തീ. 26.10.09 | 7 | 3-1, 3-2, 3-3, 3-4, 3-5, 3-7, 3-8 |
| 2006-07 | എൽ.എഫ്.ഐ.14-357/11<br>തീ. 01.11.11 | 6 | 2-2, 2-5, 3-2, 3-3, 3-4(1), 3-5 |
| 2007-08 | എൽ.എഫ്.ഐ.9-330/10<br>തീ. 15.07.11 | 6 | 3-4, 3-13, 3-14, 3-16, 3-17, 3-18 |
| 2008-09 | എൽ.എഫ്.ഐ.14-979/11<br>തീ. 12.12.11 | 5 | 3-2, 3-3, 3-4, 3-5, 3-8 |
| 2009-10 | എൽ.എഫ്.ഐ.14-720/12<br>തീ. 12.04.13 | 12 | 3-1 മുതൽ 3-4 വരെ,<br>3-6 മുതൽ 3-11 വരെ, 3-13, 3-14 |
| 2010-11 | എൽ.എഫ്.ഐ.14-721/12<br>തീ. 05.02.13 | 6 | 3-1, 3-2, 3-5, 3-7, 3-8, 3-9 |
| 2011-12 | എൽ.എഫ്.ഐ.14-1498/13<br>തീ.11.07.14 | 12 | 2-1, 3-1 മുതൽ 3-11 വരെ |

| | | | |
|---|---|---|---|
| 2012-13 & 2013-14 | എൽ.എഫ്.ഐ.14-336/13 തീ. 20.06.15/09.07.15 | 19 | 2-1 മുതൽ 2-4 വരെ, 3-1 മുതൽ 3-12 വരെ, 3-14, 4-1, 4-4 |
| 2014-15 | നം. കെ.എസ്.എ./ഐ.ഡികെ/ 14/1014/2016/തീയതി. 28.07.2016 | 12 | 2-1 മുതൽ 2-3 വരെ 3-1 മുതൽ 3-9 വരെ |
| 2015-16 | നം.കെ.എസ്.എ-ഐ.ഡി.കെ. 14/1561/2016/തീയതി. 11.11.2016 | 2 | 2-1, 3-1 |
| 2016-17 | നം.കെ.എസ്.എ.ഐ.ഡി.കെ. 8/1249(1)/2018/തീയതി. 09.02.2018 | 21 | ഭാഗം-1, 2-1, 2-2, 2-3, 2-4, 2-5, 3-1 മുതൽ 3-15 വരെ |
| 2017-18 | നം.കെ.എസ്.എ.ഐ.ഡി.കെ. 8/93/2019/തീയതി. 28.02.2019 | 14 | 1-5,1-6, 1-12, 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-8, 3-10, 3-11, 4-7 |
| 2018-19 | നം.കെ.എസ്.എ.ഐ.ഡി.കെ. 14/824/20/തീയതി. 22.02.2021 | 14 | 1-11,1-12, 1-13, 1-14, 1-15, 1-16, 1-17, 1-19, 1-20, 1-21, 1-22, 1-23, 1-25, 1-26 |
| 2019-20 | നം.കെ.എസ്.എ.ഐ.ഡി.കെ. 13/765/21/തീയതി. 30.09.2021 | 24 | 1-1, 1-4, 1-7, 1-9, 1-11, 1-12, 1-13, 1-15, 1-17 മുതൽ 1-29 വരെ, 2-1, 3-1, 4-5 |
| 2020-21 | നം.കെ.എസ്.എ.ഐ.ഡി.കെ. 13/766/21/തീയതി. 01.10.2021 | 30 | 1-1, 1-4, 1-5, 1-7, 1-11, 1-13, 1-14, 1-16, 1-17 മുതൽ 1-34 വരെ, 2-1, 2-2, 3-1, 4-5 |
| 2021-22 | കെ.എസ്.എ.ഐ.ഡി.കെ.പി.5-237/2023 ,തീയതി: 05/04/2023 | 39 | 1-9 മുതൽ 1-9-6 വരെ, 1-11 മുതൽ 1-20 വരെ.1-22.4-5 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 03-07-2023 and submitted on 04-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Marayoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Marayoor Grama Panchayat for the year 2022-2023

Date: 06/12/2023

Deputy Director
District Office Idukki
Kerala State Audit Department

## Audit Report appended to the Audit Certificate of Marayoor Grama Panchayat for the Year 2022-2023 .

**1.Major Observations**

1 . All mandatory financial statements prescribed in accounting rules are not submitted for audit.

2. Discrepancies/Omissions happened while the closing balance of previous years liabilities and assets in the balance sheet are brought forwarded to current years (2022-23) opening balance.

3. Non disclosure of assets. Asset register is not comprehensive and uptodate.

**2.Other Observations**

1. Cash Flow statement-net increase/decrease in cash flow does not match with the difference between opening balance and closing balance of cash and cash equivalents.

2. Misclassification of Receipt voucher- Collection of arrears is acounted as current year collection.

3. Directly credited by bank-amount not taken into account

4. Payment Voucher miss classification. Advance allowed to implementing agencies or implimenting officers for specific purpose booked as actual expences without obtaining utilisation certificate.

5. Lapses in making timely and accurate demand entries in respect of tax and non tax revenue

6. Registers viz., Deposit Register, Advance Register etc., are not maintained correctly and or does not match with financial statements.

7. Lack of authenticated journel vouchers for supporting the adjustment entries recorded and those recorded in prior period items.

8. Demand Registers are not periodically reconciled with accounts.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ മറയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്